ദി ഡിഫെൻഡർ

Vol. No. 15 Issue No. 1 RNI Reg. No. 68089 / 97 Published From Perumbavoor 2012 January 1 Price: Rs.100/- P.A.

# മലയാളം എ.ജിക്കെതിരെ പുനലൂർ കോടതിയിൽ കേസ്സ്



വി.റ്റി.ഏബ്രഹാം



പി.എസ്.ഫിലിപ്പ്



ബാബു ജോർജ്

പുനലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ടിനെതിരെ പുനലൂർ മുൻസിഫ് കോടതിയിൽ കേസ്സ്. ആര്യങ്കാവ് സ്വദേശിയായ ബാബു മാത്യു എന്നൊരാളാണു കേസ്സ് കൊടുത്തതെന്നാണ് അറിയാൻ കഴിഞ്ഞത്. (കൂടുതൽ വിവരങ്ങൾ അറിവായിട്ടില്ല.) രജിസ്ട്രേഷൻ പോലുമില്ലാത്ത സഭയുടെ പേരിൽ വലിയ സാമ്പത്തിക തിരിമറികൾ നടക്കുന്നതായി ആരോപിച്ചാണു കേസ്സ് കൊടുത്തിരിക്കുന്നത്. സഭയുടെ ഫണ്ട് മരവിപ്പിക്കണമെന്നും അടുത്തു നടക്കാൻ പോകുന്ന ഇലക്ഷൻ തടയണമെന്നും അപേക്ഷിച്ചിട്ടുണ്ടെന്നാണ് അറിവ്. ഇതോടുളള ബന്ധത്തിൽ ഒരു താൽക്കാലിക നിരോധന ഉത്തരവുണ്ടായെങ്കിലും അതു പിന്നീടു നീക്കം ചെയ്തു. കേസ്സ് ജനുവരി 7ന് പ്രാരംഭ വാദം കേൾക്കാൻ വച്ചിരിക്കയാണ്.

എ.ജിയുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് കേസ്സുണ്ടാകുന്നത് ആദ്യമായല്ല. ചില മാസങ്ങൾക്കു മുമ്പ് ആലുവ കോടതിയിലുണ്ടായ കേസ്സ് ഇപ്പോഴും നിലനിൽക്കുന്നു. സൗത്ത് ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡിന് രജിസ്ട്രേഷനില്ലെന്നും നിയമവിരുദ്ധമായാണു പ്രവർത്തിക്കുന്നതെന്നും മറ്റും ആരോപിച്ചാണ് ആലുവ കോടതിയിൽ കേസ്സുണ്ടായത്. ഈ പ്രശ്നം സി.ബി.ഐയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നാവശ്യപ്പെട്ട് മറ്റൊരു കേസ്സ് ഉണ്ടായതായും കേട്ടിരുന്നു. ഈ കേസ്സുകളിൽ പറയത്തക്ക പുരോഗതി ഉണ്ടായതായി അറിവില്ല. ഇതോടുളള ബന്ധത്തിൽ ചില വസ്തുതകൾ ഡിഫെൻഡർ വ്യക്തമാക്കിയിരുന്നു. അതുതന്നെ ഇപ്പോഴും പറയുന്നു:

1. സൗത്ത് ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡിന് എന്നെങ്കിലും രജിസ്ട്രേഷൻ എടുത്തിരുന്നെങ്കിൽ അതു റദ്ദാകുകയില്ല.
2. കണക്കുകളും മറ്റും യഥാസമയം കൊടുത്തിട്ടില്ലെങ്കിൽ പിഴ സഹിതം കൊടുക്കണം.
3. സാമ്പത്തിക തിരിമറി നടന്നിട്ടുണ്ടെങ്കിൽ അതിന് ഉത്തരവാദികളായവർ നിയമനടപടി നേരിടേണ്ടതായും വരും. ജയിൽ ശിക്ഷ വരെ ലഭിച്ചെന്നും വരാം.

## ഡിഫെൻഡറിന്റെ വെബ്സൈറ്റിന് അരക്കോടിയോളം ഹിറ്റുകൾ

ഡിഫെൻഡറിന്റെ വെബ്സൈറ്റിന് 2011ൽ അരക്കോടിയോളം ഹിറ്റുകൾ ലഭിച്ചു. മാസത്തിൽ ശരാശരി നാലുലക്ഷത്തിലധികം ഹിറ്റുകൾ. ഡിഫെൻഡറിന്റെ ജനപ്രീതി എത്രത്തോളമെന്ന് ഇതിൽ നിന്നു ഗ്രഹിക്കാവുന്നതാണ്. പെന്തക്കോസ്തിലെ വ്യാജൻമാർ ഡിഫെൻഡറിനെതിരെ നിരന്തരം പോരാടുന്നത് ഈ കാരണത്താലത്രേ. ഡിഫെൻഡറിനു മൂന്നു വെബ്സൈറ്റുകളുണ്ട്. ഇവ ഡിസൈൻ ചെയ്യുന്നതുൾപ്പെടെ എല്ലാം ചെയ്യുന്നതു റ്റി.എസ്.ബാലനാണ്. ആകയാൽ ഈ മൂന്നു സൈറ്റുകൾക്കുംകൂടി വർഷം 1,500 രൂപ മാത്രമേ ചെലവുണ്ടാകുന്നുളളൂ. ചില വിഡ്ഢികൾ പറയുന്നതുപോലെ ലക്ഷങ്ങൾ ഇതിനായി മുടക്കുന്നില്ല.

# ക്രൂസേഡ് നടത്തി ജയിലിലേക്ക്?



ക്രൂസേഡ് നടത്തിയാൽ ജയിലിൽ പോകേണ്ടതായി വരുമോ? അങ്ങനെയും സംഭവിക്കാം എന്ന് പോൾ വർഗീസ് മേടമനയുടെ അനുഭവം തെളിയിക്കുന്നു. 2008ൽ എറണാകുളത്തു നടന്ന ബോങ്കെ ക്രൂസേഡിന്റെ മുഖ്യ സംഘാടകനായ മേടമനയ്ക്ക് ഒരു വർഷം ജയിൽ ശിക്ഷ അനുഭവിക്കാനുളള വിധി ലഭിച്ചിരിക്കയാണ്. ജാമ്യം ലഭിച്ചതുകൊണ്ടു തൽക്കാലം ജയിലിൽ പോകേണ്ടതില്ല. സമാന സ്വഭാവമുളള മറ്റു രണ്ടു കേസ്സുകൾ കൂടി വിധിക്കപ്പെടാനുമുണ്ട്.

എന്താണ് യഥാർത്ഥത്തിൽ സംഭവിച്ചതെന്നു ഡിഫെൻഡർ അന്വേഷിക്കുകയുണ്ടായി. പോൾ മേടമന നൽകിയ വിശദീകരണത്തിന്റെ ചുരുക്കം ഇതാണ്:

ക്രൂസേഡിന്റെ പരസ്യം നൽകിയ വകയിൽ ഒരു പരസ്യ കമ്പനിക്ക് 22 ലക്ഷം രൂപ നൽകേണ്ടതുണ്ടായിരുന്നു. ഈ കടം ബോങ്കെ കൊടുക്കാമെന്നു വാക്കു പറഞ്ഞിരുന്നെങ്കിലും പണം കൊടുത്തില്ല. പരസ്യക്കമ്പനി ബോങ്കേയ്ക്കെതിരെ കേസ്സ് കൊടുക്കുമെന്ന സ്ഥിതിയുണ്ടായപ്പോൾ ബോങ്കെ 16 ലക്ഷം രൂപ നൽകി. എങ്കിലും പണം ലഭിച്ച വിവരം പരസ്യക്കമ്പനി മറച്ചുവച്ചു. പക്ഷേ പിന്നീടു നടന്ന അന്വേഷണത്തിൽ സത്യം വെളിപ്പെട്ടു. അതോടെ പരസ്യക്കമ്പനിക്കു വാശിയായി. മേടമനയും സഹായിയായ പാസ്റ്റർ രൻജനും സെക്യൂരിറ്റി എന്ന നിലയ്ക്കു നൽകിയ മൂന്നു ചെക്കുകളിൽ വിവിധ തുകകളെഴുതി കേസ്സാക്കുകയാണ് അവർ ചെയ്തത്. ഈ കേസ്സുകളിൽ ഒരെണ്ണമാണ് ഇപ്പോൾ വിധിയായത്. ചെക്കിലുളള പണം നൽകാനും ശിക്ഷയായി ഒരു വർഷം തടവ് അനുഭവിക്കാനുമാണു കോടതി ഉത്തരവിട്ടിരിക്കുന്നത്. ഈ വിധിക്കെതിരെ പ്രതികൾ മേൽക്കോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ട്. മൂന്നു വർഷം വരെ ശിക്ഷ ലഭിക്കുന്ന കേസ്സുകളിൽ ജാമ്യം ലഭിക്കാൻ അർഹതയുളളതുകൊണ്ട് ഇരുവരും ഇപ്പോൾ ജാമ്യത്തിലാണ്. ഇത്തരത്തിലുളള രണ്ടു കേസ്സുകൾ കൂടി കോടതിയുടെ പരിഗണനയിലുണ്ട്.

ബോങ്കെ വാക്കു മാറിയതുമൂലമാണ് ഈ പ്രശ്നങ്ങളെല്ലാം ഉണ്ടായത് എന്നു മേടമന വ്യക്തമാക്കി. ഒരു കോടിയിലധികം രൂപയുടെ കടബാധ്യതയാണ് ഈ ക്രൂസേഡ് മൂലം മേടമനയ്ക്കുണ്ടായത്. ഈ വിഷയത്തോടുളള ബന്ധത്തിൽ മേടമന എഴുതി നൽകിയ വിശദീകരണം ഏഴാം പേജിൽ വായിക്കാം.

# അങ്ങനെ കിടങ്ങാലിലും റവയായി

### പകൽക്കാലം

പുതുവർഷത്തിൽ **നീ**യെന്നു വിളിക്കുന്നതിനു പകരം **നിന്നെ**യൊക്കെ **യൂ** എന്നു വിളിക്കാൻ തീരുമാനിച്ചു....



'അമ്മായിയും കുടിച്ചു പാൽക്കഞ്ഞി' എന്നു പറഞ്ഞതുപോലെ കിടങ്ങാലിനും കിട്ടി ഓർഡിനേഷൻ. ഡിസംബർ 24ന് ന്യൂയോർക്കിലാണ് ഈ മഹാദ്ഭുതമുണ്ടായത്. അഡ്വ.തോമസ് കിടങ്ങാലിൽ ഇനി റവ.തോമസ് കിടങ്ങാലിൽ എന്നു വിളിക്കപ്പെടും. (റവ എന്നാൽ ഭയങ്കരൻ എന്നാണ് അർത്ഥം. സങ്കീ.111.9).

സംഭവം ചുരുക്കിപ്പറയാം: കഴിഞ്ഞ പിണ്ണാക്ക് കോൺഫ്രൻസിന്റെ സെക്രട്ടറിയായിരുന്നല്ലോ ശ്രീമാൻ തോമസ് കിടങ്ങാലിൽ. കക്ഷി ആ വകയിൽ കുറെ ഷൈൻ ചെയ്യുകയുമുണ്ടായി. എങ്കിലും ഉപ്പോളം വരുമോ ഉപ്പിലിട്ടത് എന്നു പറഞ്ഞതുപോലെ ഷൈനിങ്ങിന്റെ കാര്യത്തിൽ പാസ്റ്റർമാരുടെ അടുത്തെങ്ങുമെത്താൻ വിശ്വാസിക്കു കഴിയുന്നതല്ല എന്നു കിടങ്ങാലിനു പിടികിട്ടി. വായ്ക്കു രുചിയായിട്ട് ഒന്നു ഷൈൻ ചെയ്യണമെങ്കിൽ പാസ്റ്ററാകണം. വിശേഷിച്ചു പണിയൊന്നുമില്ലാത്ത കിടങ്ങാലിനു പാസ്റ്ററാകാൻ പ്രത്യേകം തയ്യാറെടുപ്പുകൾ ആവശ്യമില്ല. ബൈബിൾ കോളേജിൽ പഠിച്ചിട്ടില്ല എന്നതു മാത്രമാണ് ഏക പോരായ്മ. കടിക്കുന്ന പട്ടിക്കു തല കൂടിയേ കഴിയൂ എന്നില്ലല്ലോ. മാത്രമല്ല, പാസ്റ്ററാകാൻ ബൈബിൾ കോളേജിൽ പഠിച്ചിരിക്കണമെന്ന് അമേരിക്കൻ ഭരണഘടനയിലോ ഇന്ത്യൻ ഭരണഘടനയിലോ പറയുന്നുമില്ല. ഐ.പി.സിയുടെ ഭരണഘടനയിൽ ഇല്ലേ എന്നു ചോദിച്ചാൽ ഉണ്ട്. ഐ.പി.സിയിലെ പാസ്റ്ററാകാൻ ഐ.പി.സിയുടെ അംഗീകാരമുളള ബൈബിൾ കോളേജിൽ മൂന്നു വർഷം പഠിച്ചിരിക്കണം എന്നു നിർബ്ബന്ധമാണ്. ഓർഡിനേഷൻ കിട്ടാൻ ഏഴു വർഷത്തെ ശുശ്രൂഷാപരിചയവും നിർബ്ബന്ധം. പക്ഷേ അതൊക്കെ സാധാരണക്കാർക്കു വേണ്ടിയുളള നിയമങ്ങളാണ്. പണമുളളവർ സകല നിയമങ്ങൾക്കും അതീതരാണ്. അവർക്ക് എന്തും ആകാം, എവിടെയുമാകാം, എപ്പോഴുമാകാം.



എത്തിപ്പിടിക്കാനാവാത്ത്ര ഉയരത്തിൽ വാണരുളുന്നവനും സർവ്വ നിയമങ്ങൾക്കും അതീതനും സർവ്വോപരി പണക്കാരനുമായ കിടങ്ങാലിന് ഓർഡിനേഷന് നിഷേധിക്കാൻ ഈ ഭൂമിമലയാളത്തിലെന്നല്ല ഭൂമി അമേരിക്കയിലും ആരുളളൂ! അതുകൊണ്ട് ഐ.പി.സിയിലെ ഉന്നതൻമാർ കിടങ്ങാലിനെ ഓർഡിനേഷൻ സ്വീകരിക്കാൻ യോഗ്യനെന്നു വിധിച്ചു. തിരുവായ്ക്ക് എതിർവായ് ഇല്ലല്ലോ.

പിന്നീടെല്ലാം പെട്ടെന്നാണു നടന്നത്. ബാലനെപ്പോലുളള വിവരദോഷികൾ ഇടങ്കോലിടുന്നതിനു മുമ്പ് കാര്യം സാധിക്കണം. അതിനുളള ശ്രമം ആരംഭിച്ചു. ആര് ഓർഡിനേഷൻ കൊടുക്കും? ജനറൽ വൈസ് പ്രസിഡന്റായിട്ടു വർഷം രണ്ടു കഴിഞ്ഞെങ്കിലും ഏറെ ഓർഡിനേഷനൊന്നും കൊടുത്തിട്ടില്ലാത്തതിനാൽ ബേബി വർഗീസിന്റെ കൈവശം വളരെയധികം ഓർഡിനേഷൻ സ്റ്റോക്കുണ്ട്. അതുകൊണ്ട് ഈ ചങ്ങാതി ന്യൂയോർക്കിലെത്തി ഓർഡിനേഷൻ കൊടുത്തു. ആധ്യക്ഷം വഹിക്കാനും പ്രസംഗിക്കാനും ആളുണ്ടായിരുന്നു. അങ്ങനെ നമ്മുടെ കിടങ്ങാലിലും റവയായി. പെന്തക്കോസ്തുകാരുടെ ഭാഗ്യമെന്നല്ലാതെ എന്തു പറയാൻ!

Websites: tsbalan.com tsbalan.org tsbalan.net Email: tsbalan@yahoo.com Ph: 0484-3232356 Mob: 9645077483

ദി ഡിഫെൻഡർ
Vol. No.15 Issue No.1 2012 January 1

# പെന്തക്കോസ്തിലെ പ്രസംഗത്തൊഴിലാളികൾ

ഏതു തൊഴിലിനും അതിന്റേതായ മാന്യതയുണ്ട്. വേലക്കാരൻ കൂലിക്കു യോഗ്യനാണെന്നു ദൈവവചനം വ്യക്തമാക്കുന്നുമുണ്ട്. ആടിനെ മേയിക്കുന്നവൻ ആടിന്റെ പാലുകൊണ്ട് ഉപജീവിക്കുന്നതു തെറ്റല്ല. മെതിക്കുന്ന കാളയ്ക്കു മുഖക്കൊട്ട കെട്ടരുത് എന്നാണല്ലോ പ്രമാണം. അതുകൊണ്ടു സംഘാടകർ നൽകുന്ന പണം സുവിശേഷ പ്രസംഗകർ വാങ്ങുന്നതു തെറ്റല്ല. അതുകൊണ്ട് ഉപജീവനം കഴിക്കാവുന്നതുമാണ്.

ഇത്രയുമൊക്കെ മാത്രമേ ഇക്കാലത്തും നടക്കുന്നുള്ളൂ എങ്കിൽ തെറ്റില്ല. പക്ഷേ പ്രസംഗകർ കൂലി പറഞ്ഞൊത്ത ശേഷമാണു പ്രസംഗിക്കാൻ പോകുന്നതെങ്കിലോ? യോഗം കഴിയുമ്പോൾ പണം എണ്ണി വാങ്ങുമെങ്കിലോ? അല്പമെങ്കിലും കുറവുണ്ടായാൽ വഴക്കടിയ്ക്കുമെങ്കിലോ? അങ്ങേയറ്റം ഹീനമായ നടപടികളാണ് ഇതൊക്കെ എന്നതിനു സംശയമില്ല. അറിയപ്പെടുന്ന പല പ്രസംഗകരും ഇത്തരം വൃത്തികേടുകൾ കാട്ടിക്കൂട്ടാൻ ശങ്കിക്കുന്നില്ല എന്നതാണു വസ്തുത.

ആണ്ടിൽ ഒരു പെരുന്നാൾ വീതം ആഘോഷിച്ചിരുന്ന പള്ളി വിട്ട് പെന്തക്കോസ്തിലെത്തിയ ജനത്തിന് ആണ്ടിൽ ഒരു കൺവൻഷൻ നടത്താതെ ജീവിക്കാൻ പറ്റില്ല. അതുകൊണ്ട് ഭൂരിപക്ഷം ലോക്കൽ സഭകളിലും ആണ്ടുതോറും കൺവൻഷൻ നടത്തുന്നു. സെന്റർ കൺവൻഷൻ, ജനറൽ കൺവൻഷൻ, വിവിധതരം ക്രൂസേഡുകൾ തുടങ്ങിയവ എക്സ്ട്രാ. ഇവയ്ക്കെല്ലാം പ്രസംഗകർ വേണം. വലിയ കൺവൻഷനുകളിൽ പ്രസംഗിക്കാൻ നേതാക്കൻമാർ തയ്യാർ. പക്ഷേ ചെറുകിട കൺവൻഷനുകൾക്കു പ്രസംഗകരെ ലഭിക്കാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് 'വലിയ' പ്രസംഗകരെ വൻതുക കൊടുത്തു കൊണ്ടുവരേണ്ടതായി വരുന്നു. അവർ കൂലി പറഞ്ഞൊത്തശേഷമാണ് ഡേറ്റ് നൽകുക. ടീമിനോടൊപ്പം വരാനുള്ള റേറ്റ്, ടീമില്ലാതെ വരാനുള്ള റേറ്റ് എന്നിവ വ്യത്യസ്തമാണ്. കൂടാതെ, ദൂരത്തിനനുസരിച്ച് റേറ്റും കൂടും. ഭക്ഷണം, താമസം എന്നിവ പഞ്ചനക്ഷത്ര ശൈലിയിൽ വേണം. എന്തെങ്കിലുമൊന്നു കുറഞ്ഞു പോയാൽ പ്രസംഗകന്റെ സ്വഭാവം മാറും. കുളിച്ചാലും നനച്ചാലും നാറ്റം വിട്ടുമാറാത്തത്ര ഹീനമായ ഭാഷയിൽ സംഘാടകരെ അവഹേളിക്കും. ചിലർ പ്രസംഗത്തിനിടയിൽപ്പോലും അവഹേളനം ചൊരിയും. ദൈവദാസനല്ലേ, തല്ലിയാൽ ദൈവം കോപിക്കില്ലേ. അതുകൊണ്ട് സംഘാടകർ ക്ഷമിക്കുന്നു. എങ്കിലും സഹിക്കുന്നതിനുമില്ലേ ഒരതിരൊക്കെ! ഇതിനൊരു പരിഹാരമുണ്ടാകണം.

# സത്യം സത്യമായി

പാണ്ടൻനായുടെ പല്ലിനു ശൗര്യം പണ്ടേപ്പോലെ ഫലിക്കുന്നില്ല എന്നു പറഞ്ഞതുപോലെയായി അണ്ണാ ഹസാരെയുടെ നിരാഹാരം. ഇത്തവണ കാര്യമായ ജനപിൻതുണയുണ്ടായില്ല. അയ്യായിരത്തോളം ആളുകൾ മാത്രമാണ് എത്തിയതെന്നു പോലീസ് പറയുമ്പോൾ അറുപതിനായിരത്തോളം ആളുകൾ പലപ്പോഴായി എത്തുകയും മടങ്ങുകയും ചെയ്തു എന്ന് അണ്ണാ സംഘം അവകാശപ്പെടുന്നു. ഓരോ മണിക്കൂർ ഇടവിട്ട് എണ്ണമെടുത്തുകാണും എന്നു തീർച്ച. നിരാഹാരത്തിന് ആളുകളെത്തുന്നില്ല എന്നു കണ്ടപ്പോൾ അണ്ണായുടെ നിരാഹാരം പാതിവഴിക്കു നിന്നു. മാത്രമല്ല ജയിൽ നിറയ്ക്കൽ പരിപാടി വേണ്ടെന്നു വയ്ക്കുകയും ചെയ്തു. ഇനിയെന്ത് എന്നു പിന്നീടു പറയും. ഒരു 'നിശാഹാര' പരിപാടി തുടങ്ങിയാൽ വിജയിച്ചേക്കാം.

മുല്ലപ്പെരിയാർ സമരം പൊടിപൂരമായി തുടരുകയാണ്. പുതിയ ഡാം ഉണ്ടാക്കിയേ പറ്റൂ എന്നാണു സമരസമിതിയുടെ ആവശ്യം. അതിനിടയിൽ സമരസമിതി നേതാവു കാലുമാറി. പുതിയ ഡാം ഉണ്ടാക്കിയില്ലെങ്കിലും വേണ്ടില്ല ജലനിരപ്പു താഴ്ത്തിയാൽ മതി. ഇതുകേട്ടു സമരക്കാർ വണ്ടറടിച്ചു. ഇതെന്തു മറിമായം? നേതാവിന് എന്തുപറ്റി? ഏതായാലും അവർ ഉടൻ തന്നെ പ്രതികരിച്ചു: അങ്ങനെ നേതാവു പുറത്തായി. പുതിയ നേതാവിനെ തെരഞ്ഞെടുക്കുകയും ചെയ്തു.

സമരം ഉഷാറായി നടക്കുന്നുണ്ടെങ്കിലും കേന്ദ്രം തമിഴ്നാടിന് ഒപ്പമാണെന്നു തോന്നുന്നു. മലയാളികൾ ഉണ്ടാക്കുന്ന കോലാഹലമൊന്നും കേന്ദ്രം വരെ എത്തുന്നില്ല. കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രിമാർ എങ്ങും തൊടാതെയാണു സംസാരിക്കുന്നത്. ഡാമെന്നും വെള്ളമെന്നും മറ്റും പറഞ്ഞു ബഹളമുണ്ടാക്കിയാൽ കസേര തെറിക്കുമെന്ന് അവർക്കറിയാം. പക്ഷേ കസേര പോയാലും വേണ്ടില്ല സമരം നടത്തുമെന്നാണു പി.ജെ.ജോസഫ് പറയുന്നത്. മറുകണ്ടം ചാടാനുള്ള തയ്യാറെടുപ്പിലാണോ കക്ഷി എന്നൊരു സംശയം.

സമരത്തിനു പിൻതുണ പ്രഖ്യാപിച്ച് ജാഥയും കഥാപ്രസംഗവും മറ്റും നടത്തിയ പെന്തക്കോസ്തുകാർ ഇപ്പോൾ മിണ്ടുന്നില്ല. ഫോട്ടോ സഹിതമുള്ള വാർത്ത പത്രങ്ങളിൽ വന്നുകഴിഞ്ഞു. അതോടെ അവരുടെ ആശ സഫലമായി. ഇനി സമരം നടത്തുന്നതെന്തിന്? മാത്രമല്ല, ഇതു കൺവൻഷൻ സീസണാണ്. സമരവും മറ്റുമായി നടന്നാൽ വയറ്റിൽ പിഴപ്പു മുട്ടും. അതുകൊണ്ടു പെന്തക്കോസ്ത് നേതാക്കൻമാർ മുല്ലപ്പെരിയാർ പ്രശ്നം മറന്നു കഴിഞ്ഞിരിക്കുന്നു.

സി.പി.എം ജില്ലാ സമ്മേളനങ്ങൾ നടക്കുന്ന കാലമാണിത്. ഇപ്പോൾ ജില്ലാ സമ്മേളനമാണു നടക്കുന്നത്. അതു കഴിഞ്ഞ് സംസ്ഥാന സമ്മേളനം നടക്കും. ഉൾപ്പാർട്ടി ജനാധിപത്യം, വിഭാഗീകത, വെട്ടിനിരത്തൽ തുടങ്ങിയ ഉശിരൻ വാക്കുകൾ മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്നു.

സി.പി.എമ്മിൽ ഉൾപ്പാർട്ടി ജനാധിപത്യം അനുവദിച്ചിട്ടുണ്ട്. പക്ഷേ അതിന്റെ മറവിൽ വിഭാഗീകത പാടില്ല. സംഗതി നല്ലതുതന്നെ. പക്ഷേ ഒരു സംശയം: എവിടെയാണ് ഉൾപ്പാർട്ടി ജനാധിപത്യം അവസാനിക്കുന്നതും വിഭാഗീകത ആരംഭിക്കുന്നതും? ഇവ തമ്മിൽ എങ്ങനെ തിരിച്ചറിയും?

സി.പി.ഐയുടെ സമ്മേളനങ്ങളും നടക്കുന്നുണ്ടെങ്കിലും അവയ്ക്കു ഗ്ലാമർ പോരാ. അതുകൊണ്ട് സി.പി.ഐ സമ്മേളനങ്ങൾക്കു മാധ്യമശ്രദ്ധ ലഭിക്കുന്നതുമില്ല. രാഷ്ട്രീയ രംഗത്ത് കാര്യമായ സ്വാധീനമൊന്നും ചെലുത്താൻ കഴിയാത്ത സംഭവങ്ങൾ എന്ന നിലയ്ക്കാണ് സി.പി.ഐ സമ്മേളനങ്ങൾ പരിഗണിക്കപ്പെടുന്നത് എന്നു വ്യക്തം.

കോൺഗ്രസ്സിന് ഇത്തരം പരിപാടികളൊന്നുമില്ലല്ലോ. എല്ലാം ഹൈക്കമാന്റ് തീരുമാനിക്കും. ആരാണ് ഈ ഹൈക്കമാന്റ്? അതും ഹൈക്കമാന്റ് തീരുമാനിക്കും. എങ്കിലും കോൺഗ്രസ്സിൽ ഗ്രൂപ്പുകളിക്കു കുറവൊന്നുമില്ല. വിഭാഗീകതയെന്ന ഓമനപ്പേരിട്ടു ഗ്രൂപ്പുകളിയെ വെള്ളപൂശേണ്ട ആവശ്യം കോൺഗ്രസ്സിലില്ലെന്നതും എടുത്തു പറയേണ്ട പ്രത്യേകതയാണ്.

കേരള കോൺഗ്രസ്സ് വീണ്ടും ഒരു പിളർപ്പിലേക്കു നീങ്ങുകയാണോ? പിളരുകയാണെങ്കിൽ എത്ര കഷണങ്ങളായിട്ടാകും പിളരുക? മാണി ഗ്രൂപ്പ്, ജോസഫ് ഗ്രൂപ്പ്, പി.സി.ജോർജ് ഗ്രൂപ്പ് എന്നിങ്ങനെ മൂന്നു കഷണങ്ങളുണ്ടാകാനുള്ള സാധ്യതയാണു തെളിഞ്ഞു വരുന്നത്. ജോസഫ് പഴയപടി എൽ.ഡി.എഫിൽ എത്തുകയും ചെയ്തേക്കാം. പിള്ള ഗ്രൂപ്പ് ഇപ്പോൾത്തന്നെ അച്ഛൻ ഗ്രൂപ്പ്, മകൻ ഗ്രൂപ്പ് എന്നിങ്ങനെ രണ്ടു കഷണങ്ങളായി പിളർന്നു നിൽക്കുകയാണ്. ജേക്കബ് ഗ്രൂപ്പ് പിളർന്നെന്നു ചിലർ പത്രസമ്മേളനം നടത്തി പ്രഖ്യാപിക്കുകയും ചെയ്തു. പി.സി.തോമസ് ഗ്രൂപ്പ് കൂടി പിളർന്നാൽ കേരള കോൺഗ്രസ്സുകളുടെ പിളർപ്പുകൾ ഒരു ആഗോള പ്രതിഭാസമാണെന്നു പ്രഖ്യാപിക്കാം.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

ഇവർ എല്ലാവരും വാഗ്ദത്തനിവൃത്തി പ്രാപിക്കാതെ ദൂരത്തുനിന്ന് അത് കണ്ടു അഭിവന്ദിച്ചും ഭൂമിയിൽ തങ്ങൾ അന്യരും പരദേശികളും എന്ന് ഏറ്റുപറഞ്ഞുംകൊണ്ടു വിശ്വാസത്തിൽ മരിച്ചു. ഇങ്ങനെ പറയുന്നവർ ഒരു പിതൃദേശം അന്വേഷിക്കുന്നു എന്ന് കാണിക്കുന്നു. അവർ വിട്ടുപോന്നതിനെ ഓർത്തു എങ്കിൽ മടങ്ങിപ്പോകുവാൻ ഇടയുണ്ടായിരുന്നുവല്ലോ. അവരോ അധികം നല്ലതിനെ, സ്വർഗ്ഗീയമായതിനെത്തന്നേ, കാംക്ഷിച്ചിരുന്നു; ആകയാൽ ദൈവം അവരുടെ ദൈവം എന്ന് വിളിക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല; അവൻ അവർക്കായി ഒരു നഗരം ഒരുക്കിയിരിക്കുന്നുവല്ലോ. (എബ്രാ.11:13-16).

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:*

**www.tsbalan.com**

**tsbalan.org tsbalan.net**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**വാർഷിക വരിസംഖ്യ**

ഇന്ത്യയിൽ: 100 രൂപ

ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ

**വിലാസം:**

റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., എറണാകുളം.

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

**ട്രസ്റ്റുകളും സൊസൈററികളും ഉണ്ടാക്കുന്നതെങ്ങനെ?**

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.

ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.

ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

 റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 9645077483**
**Local Calls from USA & Canada: (972)-213-1404**

# മണ്ഡലവിഭജനം 17ന്

ഐ.പി.സി കേരള സ്റ്റേറ്റ് ഇലക്ഷൻ നിയോജകമണ്ഡലം തിരിച്ചു നടത്തണമോ വേണ്ടയോ എന്നു തീരുമാനിക്കാനായി സ്റ്റേറ്റ് കൗൺസിൽ യോഗം ജനുവരി 17ന് ചേരാൻ തീരുമാനമായി. ഡിസംബർ 13ന് നടത്താൻ നിശ്ചയിച്ചിരുന്ന യോഗം തല്പര കക്ഷികൾ അട്ടിമറിച്ച വാർത്ത കഴിഞ്ഞലക്കം ഡിഫെൻഡറിൽ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. ഇതിനെതിരെ പ്രതിഷേധിക്കാൻ ഡിസംബർ 13ന് ചിലർ രഹസ്യയോഗം ചേരുകയുമുണ്ടായി. മണ്ഡലപ്രശ്നം ചർച്ച ചെയ്യാൻ കൗൺസിൽ വിളിച്ചുകൂട്ടണമെന്നാവശ്യപ്പെട്ട് കത്തു നൽകാൻ ഈ യോഗത്തിൽ തീരുമാനമായി. അങ്ങനെ നൽകിയ കത്തിൽ നാല്പതിലധികം കൗൺസിൽ അംഗങ്ങൾ ഒപ്പു വയ്ക്കുകയും ചെയ്തു. കൗൺസിൽ വിളിച്ചു കൂട്ടാതെ നിവൃത്തിയില്ല എന്ന സ്ഥിതിയുണ്ടായത് ഇങ്ങനെയാണ്. കേരളത്തെ നാലോ അഞ്ചോ നിയോജകമണ്ഡലങ്ങളാക്കാനും സഭകളുടെയും വിശ്വാസികളുടെയും എണ്ണത്തിന് ആനുപാതികമായി പ്രാതിനിധ്യം നിശ്ചയിക്കാനുമാണ് ആലോചന. കുതിരക്കച്ചവടം ഒരതിരുവരെയെങ്കിലും നിയന്ത്രിക്കാൻ ഇതു സഹായകമാകും.

## ശാപവും അനുഗ്രഹവും: വായനക്കാർ സഹായിക്കണം

വിചിത്രമെന്നു തോന്നാവുന്ന ഒരു ആവശ്യവുമായാണ് റ്റി. എസ്.ബാലൻ എന്ന ഈയുള്ളവൻ വായനക്കാരെ സമീപിക്കുന്നത്. 'ശാപം', 'അനുഗ്രഹം' എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഞാൻ ഈ ദിവസങ്ങളിൽ ചില പഠനങ്ങൾ നടത്തുകയാണ്. പഴയനിയമവും പുതിയനിയമവും പലവട്ടം പരിശോധിച്ചു. നാളിതുവരെയുള്ള പഠനത്തിൽ നിന്നു മനസ്സിലാക്കാൻ കഴിഞ്ഞതിന്റെ രത്നച്ചുരുക്കം ഇതാണ്:

''രക്ഷിക്കപ്പെടാത്തവരെല്ലാം ശാപത്തിന്റെ അധീനതയിലാണ്. വീണ്ടും ജനനം പ്രാപിക്കുന്നതോടെ ഒരു വ്യക്തി പുതിയ സൃഷ്ടിയായി മാറുന്നു. വീണ്ടും ജനനം പ്രാപിച്ച വ്യക്തിയിൽ ശാപം അവശേഷിക്കുന്നില്ല. അവൻ അനുഗ്രഹിക്കപ്പെട്ടവനായിക്കഴിഞ്ഞു. രക്ഷിക്കപ്പെട്ടശേഷം പുതിയ അനുഗ്രഹങ്ങളൊന്നും ലഭിക്കുന്നതല്ല. കാരണം, രക്ഷിക്കപ്പെടുന്ന നിമിഷം തന്നെ എല്ലാവിധ അനുഗ്രഹങ്ങളും പ്രാപിച്ചുകഴിഞ്ഞു. രക്ഷിക്കപ്പെട്ടവർക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ അനുഗ്രഹം ലഭിക്കാനായി പ്രാർത്ഥിക്കേണ്ടതില്ല. കൃപയിൽ നിലനിൽക്കുന്ന വ്യക്തിയിൽ ശാപം ഉണ്ടായിരിക്കുകയുമില്ല.''

ഈ പറഞ്ഞത് ശരിയാണോ? അതാണു പരിശോധിക്കേണ്ടത്. പക്ഷേ എങ്ങനെയാണു പരിശോധിക്കുക? പുതിയനിയമം എന്തു പറയുന്നു എന്നു നോക്കുക: അതാണു ചെയ്യേണ്ടത്. വായനക്കാരുടെ സഹായം ആവശ്യമായി വരുന്നത് ഇവിടെയാണ്. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ സഹായിക്കുക:

1. രക്ഷിക്കപ്പെടാത്ത (വീണ്ടും ജനനം പ്രാപിക്കാത്ത) ഏതെങ്കിലും വ്യക്തിയെ അനുഗ്രഹിക്കപ്പെട്ടവനായി പുതിയനിയമം അവതരിപ്പിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എവിടെ?
2. രക്ഷിക്കപ്പെട്ട വ്യക്തിയിൽ ശാപം അവശേഷിക്കുന്നതായി പുതിയനിയമത്തിൽ സൂചനയെങ്കിലുമുണ്ടോ?
3. വീണ്ടും ജനനം പ്രാപിച്ച (രക്ഷിക്കപ്പെട്ട) വ്യക്തിക്ക് അനുഗ്രഹം ലഭിക്കാനായി പ്രാർത്ഥിക്കുകയോ ആശംസിക്കുകയെങ്കിലുമോ ചെയ്യുന്ന വാക്യങ്ങൾ പുതിയനിയമത്തിലുണ്ടോ?
4. ഭൗതിക നന്മകളെ അനുഗ്രഹത്തിന്റെ ഭാഗമെന്ന നിലയിൽ പരാമർശിക്കുന്ന വാക്യങ്ങൾ പുതിയനിയമത്തിലുണ്ടോ?
5. രോഗം, അപകടം, മരണം, ദാരിദ്ര്യം തുടങ്ങിയവ ശാപത്തിന്റെ ഫലമായി ഉണ്ടാകുന്നതാണെന്നു പുതിയനിയമം പറയുന്നുണ്ടോ?

ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ദയവായി കത്തിലൂടെയോ ഈമെയിലിലൂടെയോ ഫോണിലൂടെയോ അറിയിക്കുക. ശാപം, അനുഗ്രഹം എന്നിവയെക്കുറിച്ച് തിരുവചനാനുസൃതമായ ഒരു നിലപാടിലെത്താൻ ഈയുള്ളവനെ വായനക്കാർ സഹായിക്കുക.

## റ്റി.എസ്.ബാലന്റെ പ്രസംഗങ്ങൾ ഇപ്പോൾ യു.എസ്.ബി. ഡ്രൈവിലും




റ്റി.എസ്.ബാലന്റെ പ്രസംഗങ്ങൾ ഇപ്പോൾ യു.എസ്.ബി. ഡ്രൈവിലും ലഭിക്കും. വീട്ടിൽ ഒരു ബൈബിൾ സ്കൂൾ (100 മണിക്കൂർ), പുതിയനിയമത്തിൽ നിന്ന് നൂറു പ്രസംഗങ്ങൾ (100 മണിക്കൂർ) എന്നിവ (ആകെ 200 മണിക്കൂർ) ഒരു യു.എസ്.ബി. ഡ്രൈവിൽ ലഭിക്കുന്നു. വിലയിൽ മാറ്റമില്ല, അതായത് ഇന്ത്യയിൽ 1800 രൂപ. വിദേശത്ത് 100 ഡോളർ. ഇന്ത്യയിലും വിദേശത്തും പോസ്റ്റേജ് സൗജന്യം. ലൈബ്രറി ഓഫ് തിയോളജിയും (10 സി.ഡികൾ) ഇപ്പോൾ യു.എസ്.ബി ഡ്രൈവിൽ ലഭിക്കുന്നതാണ്. പി.ഡി.എഫ്. ഫോർമാറ്റിൽ അയ്യായിരത്തിലധികം ഇംഗ്ലീഷ് പുസ്തകങ്ങളും ലേഖനങ്ങളും അടങ്ങിയ ഈ സെറ്റിന് 900 രൂപയാണു വില. വിദേശത്ത് 50 ഡോളർ. പോസ്റ്റേജ് സൗജന്യം. പ്രത്യേകം ശ്രദ്ധിക്കുക: യു.എസ്.ബിയിലുള്ള പ്രസംഗങ്ങളും മറ്റും കമ്പ്യൂട്ടറിൽ മാത്രമേ ഉപയോഗിക്കാൻ പറ്റൂ. ലാപ്ടോപ് ഇപ്പോൾ നിത്യജീവിതത്തിന്റെ ഭാഗമായതുകൊണ്ട് യു.എസ്.ബി ഡ്രൈവിലുള്ള പ്രസംഗങ്ങളും പുസ്തകങ്ങളും സൗകര്യപ്രദമാകും.

# വിസ: മത്തങ്ങ വഹ

സായിപ്പൻമാർക്കു വിസ എടുത്തുകൊടുത്തത് മത്തങ്ങ അവർകളാണത്രേ. പറയുന്നതു മത്തങ്ങ തന്നെ ആകുമ്പോൾ വിശ്വസിക്കുകയേ തരമുള്ളു. ഇഷ്ടമുള്ള ആർക്കും വിസ കൊടുക്കാൻ മത്തൻ അവർകൾക്കു കഴിയുമെന്ന രഹസ്യം മാലോകർക്കെല്ലാം അറിയാവുന്നതുമാണല്ലോ. വിസയ്ക്കുള്ള അപേക്ഷ സ്വീകരിക്കുന്നത് ഇവന്റെ അമ്മമ്മയാണ്. രേഖകൾ പരിശോധിക്കുന്നതോ? സാക്ഷാൽ ഉപ്പാപ്പൻ. വിസ സ്റ്റാമ്പ് ചെയ്യുന്നതു മത്തന്റെ മൂത്ത അമ്മായിയാണ്. ഫീസ് പിരിക്കുന്നത് മത്തൻ നേരിട്ടാണ്. വസ്തുതകൾ ഇങ്ങനെയിരിക്കെ സായിപ്പിനോ കാപ്പിരിക്കോ വിസ കൊടുക്കാനും നിഷേധിക്കാനും മത്തനു കഴിയുമല്ലോ.

## അജ്ഞന്റെ തനിനിറം വെളിപ്പെടുന്നു



പെന്തക്കോസ്തുകാരെ സമുദായക്കാരുടെ തൊഴുത്തിൽ കൊണ്ടുപോയി കെട്ടാൻ അച്ചാരം വാങ്ങിയവനാണ് അച്ചൻകുഞ്ഞ് ഇലന്തൂർ എന്നു ഡിഫെൻഡർ പലവട്ടം മുന്നറിയിപ്പു തന്നിട്ടും വിശ്വാസം വരാത്തവർ മരുപ്പച്ചയുടെ ഡിസംബർ 20 ലക്കം 9-ാം പേജ് നോക്കുക. ''ദൈവാശ്രയമാകുന്ന വെളിച്ചവുമായി നടന്നു നീങ്ങിയ ഒരു പിതാവ്'' എന്ന തലക്കെട്ടിൽ ഒരു പുസ്തകാഭിപ്രായം അവിടെ കാണാം. എഴുതിയത് ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത ആണ്. ബേണി എന്നൊരാൾ എഴുതിയ 'നുറുങ്ങിയ ഹൃദയവും താങ്ങിയ ദൈവവും' എന്ന പുസ്തകത്തെക്കുറിച്ചാണ് എഴുതിയിരിക്കുന്നത്. ഈ ലേഖനം പലവട്ടം വായിച്ചിട്ടും മേല്പടി പുസ്തകത്തിന്റെ ഉള്ളടക്കത്തെക്കുറിച്ചു കാര്യമായൊന്നും പിടികിട്ടിയില്ല. അത് എന്തുതന്നെ ആയാലും അജ്ഞൻ ഇത് എന്തിനു പ്രസിദ്ധീകരിച്ചു? തിരുമേനിമാരെഴുതിയ ലേഖനങ്ങളും കുറിപ്പുകളും നിരന്തരം കാണുന്ന പെന്തക്കോസ്തുകാർക്ക് സമുദായക്കാരോടുള്ള അകൽച്ച അനുദിനം കുറഞ്ഞുവരും. ഒടുവിൽ പെന്തക്കോസ്തുകാരെ സമുദായക്കാരുടെ തൊഴുത്തിൽ കൊണ്ടുപോയി കെട്ടാം. ശാന്തിപുരം കൺവൻഷന്റെ പരസ്യവും അതേ പേജിൽ കൊടുത്തത് ഇത്തരം ഒരു ദുരുദ്ദേശ്യത്തോടെയാണ്.

# മോനായി ഇത്രയ്ക്കു തരംതാഴരുതായിരുന്നു



ഐ.പി.സിയിലെ ഒരു പാസ്റ്റർക്ക് എത്രത്തോളം തരംതാഴാം? ഐ.പി.സി പ്രസിഡന്റായ കെ.സി.ജോണിന്റെ നിലവാരം വരെ എത്താൻ ശങ്കിക്കേണ്ടതില്ല. ഒരു പെന്തക്കോസ്ത് പത്രക്കാരന് എത്രത്തോളം തരംതാഴാം? 'മോനായിയോളം'എന്നു ഭാവിയിൽ ആരെങ്കിലും പറഞ്ഞേക്കാം. കാരണം, ഐ.പി.സിയിലെ ഒരു പാസ്റ്ററും പെന്തക്കോസ്ത് പത്രക്കാരനുമായ സി.പി.മോനായി എഡിറ്റ് ചെയ്ത് സാലി മോനായി പ്രസിദ്ധീകരിക്കുന്ന സുഭാഷിതം ന്യൂസ് എന്ന പത്രത്തിന്റെ 2011 ഡിസംബർ ലക്കത്തിൽ അത്തരത്തിലുള്ള കുറെ തറവേലകളാണു കാട്ടിയിരിക്കുന്നത്.

പത്രത്തിന് ആകെ 16 പേജുകളാണുള്ളത്. ഒന്നാം പേജിൽ പത്രത്തിന്റെ തലക്കെട്ട്, വാല്യം, ലക്കം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ, രജിസ്ട്രേഷൻ നമ്പർ തുടങ്ങിയവയുണ്ട്. ജനുവരിയിൽ നടക്കാൻ പോകുന്ന വിവിധ ജനറൽ കൺവൻഷനുകളെ സംബന്ധിച്ച വാർത്തകളും മറ്റു ലൊട്ടു ലൊടുക്കു വാർത്തകളും ഒന്നാം പേജിലുണ്ട്. അവസാന പേജിൽ (പേജ് 16) ഫെയ്ത്ത് ലീഡേഴ്സിന്റെ മുഴുപേജ് കളർ പരസ്യം.

നടുവിലുള്ള 8-ാം പേജിൽ തിരുവല്ലയിലെ വിജയലക്ഷ്മി സിൽക്സ്, രാജൻ ജൂവലറി എന്നിവയുടെ മുഴുപ്പേജ് കളർ പരസ്യം. 9-ാം പേജിന്റെ മുകൾഭാഗം ഒന്നാം പേജുപോലെതന്നെ. പത്രത്തിന്റെ തലക്കെട്ട്, വാല്യം, ലക്കം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ, രജിസ്ട്രേഷൻ നമ്പർ തുടങ്ങിയവയെല്ലാമുണ്ട്. ശാരോൻ കൺവൻഷൻ, പി.വൈ.പി.എ ക്യാമ്പ് എന്നിവ സംബന്ധിച്ച വാർത്തയും പത്രോസ് മിനിസ്ട്രിയുടെ അരപ്പേജ് കളർ പരസ്യവുമാണ് മറ്റു വിഭവങ്ങൾ. ചുരുക്കത്തിൽ ഈ പത്രത്തിന് രണ്ട് ഒന്നാം പേജും രണ്ട് അവസാനപേജുമുണ്ട്. എങ്ങനെ മടക്കുന്നു എന്നതിനെ ആശ്രയിച്ച് പേജുകൾ മാറും.

എന്തിനാണ് ഇത്തരമൊരു തറവേലയിറക്കുന്നത്? പറയാം: അവസാന പേജിലെ മുഴുപ്പേജ് കളർ പരസ്യത്തിന് വലിയ തുക പരസ്യ ചാർജായി ലഭിക്കും. ഡിസംബർ 18ന് ആരംഭിച്ച ഫെയ്ത്ത് ലീഡേഴ്സ് കൺവൻഷന്റെ പരസ്യം 20ന് ഇറങ്ങിയ പത്രത്തിലാണിട്ടത്. കൺവൻഷൻ കഴിഞ്ഞേ ഈ പത്രം വായനക്കാരുടെ കൈകളിലെത്തൂ. എങ്കിലും ഫെയ്ത്ത് ലീഡേഴ്സ് പരസ്യക്കൂലി നൽകിയേക്കാം. വിജയലക്ഷ്മിക്കാരുടെ പരസ്യം അവസാനത്തെ പേജിലിട്ടാൽ അവരും കൊടുക്കും നല്ലൊരു തുക. പക്ഷേ അവസാന പേജ് ഒന്നല്ലേയുള്ളു. അതിനുള്ള പരിഹാരമാണ് ഈ വേലത്തരം. പത്രം നേരേ തിരിച്ചു മടക്കുക. അപ്പോൾ വിജയലക്ഷ്മിക്കാരുടെ പരസ്യം അവസാന പേജിലാകും. അവരോടും വാങ്ങാം അവസാനപേജിലെ റേറ്റിൽ പരസ്യക്കാശ്. മാത്രമല്ല ഇങ്ങനെ മടക്കുമ്പോൾ പത്രോസ് മിനിസ്ട്രിയുടെ പരസ്യം ഒന്നാം പേജിലെത്തും. ഒന്നാം പേജിലെ അരപ്പേജ് കളർ പരസ്യത്തിന് പത്രോസും കൊടുക്കും നല്ലൊരു തുക. (എങ്ങനെയുണ്ടു ബുദ്ധി?)



# വഴിയോരക്കാഴ്ചകൾ

റ്റി.എസ്.ബാലൻ എന്ന ഈയുള്ളവന്റെ ജീവിതത്തിലുണ്ടായ രണ്ടു ദൈവിക ഇടപെടലുകളെക്കുറിച്ചാണ് ഈ ലക്കത്തിൽ വിവരിക്കുന്നത്. ആദ്യത്തെ സംഭവം നടന്നിട്ട് മൂന്നു വർഷത്തോളമായി. ഞാൻ പ്രമേഹ പ്രശ്നം മൂലം ആശുപത്രിയിൽ കിടക്കുകയായിരുന്നു. വലതുകാലിലെ വിരലുകളെല്ലാം മുറിച്ചുകളഞ്ഞു. (ഇടതുകാലിലെ നാലു വിരലുകൾ അതിനു മുമ്പുതന്നെ മുറിച്ചുമാറ്റിയിരുന്നു). മാസങ്ങൾ പലതു കഴിഞ്ഞിട്ടും വ്രണം സുഖപ്പെടുന്നില്ല. മരണം അടുത്തെത്തിയോ? എങ്കിൽ ഗൃഹകാര്യം ക്രമത്തിലാക്കണം. പക്ഷേ ഈ രോഗം മരണത്തിനുള്ളതാണോ എന്ന് എങ്ങനെയറിയും? ദൈവത്തോടു ചോദിക്കുകയേ നിവൃത്തിയുള്ളൂ. അതുകൊണ്ട് ഞാൻ പ്രാർത്ഥിച്ചു: 'പിതാവേ, ഞാൻ മരിക്കാൻ തയ്യാറാണ്. എന്നാൽ ഗൃഹകാര്യങ്ങൾ ക്രമീകരിക്കണം. അതുകൊണ്ട് ഈ രോഗം മരണത്തിനുള്ളതാണോ എന്ന് അറിയിക്കണം.' ഇങ്ങനെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ എനിക്ക് ഒരു ദൈവദാസനെക്കുറിച്ച് ഓർമ്മവന്നു.. ഉടൻ ഞാൻ അദ്ദേഹത്തെ വിളിച്ചു: 'പാസ്റ്ററെ എനിക്കൊന്നു കാണണം', ഞാൻ പറഞ്ഞു. ഉടൻ അദ്ദേഹം മറ്റൊരു ദൈവദാസനോടൊപ്പം പെരുമ്പാവൂരിലെത്തി. ഞാൻ ആശുപത്രിയിലാണെന്ന് അപ്പോൾ മാത്രമാണ് അദ്ദേഹം അറിഞ്ഞത്. അങ്ങനെ അവർ ആശുപത്രിയിലെത്തി. 'ഈ രോഗം മരണത്തിനുള്ളതാണോ എന്നറിയണം' എന്നു ഞാൻ പറഞ്ഞു. അവർ എനിക്കായി പ്രാർത്ഥിച്ചു. അതിനുശേഷം പറഞ്ഞതിന്റെ സാരം ഇതാണ്: ''ഈ രോഗം മരണത്തിനുള്ളതല്ല. എന്റെ ശുശ്രൂഷ അവസാനിച്ചിട്ടില്ല.'' ഇത്രയും പറഞ്ഞിട്ട് അവർ മടങ്ങിപ്പോയി.

ആഴ്ചകൾ പലതു കഴിഞ്ഞിട്ടും രോഗം ശമിച്ചില്ല. എന്താണു കാരണം? ഒരുപക്ഷേ ആ ദൈവദാസനു തെറ്റു പറ്റിയതാകാം. ആകയാൽ ഞാൻ പ്രാർത്ഥിച്ചു: ''പിതാവേ, ആ ദൈവദാസൻ പറഞ്ഞതു ദൈവാലോചനയായിരുന്നില്ലേ?'' ഈ ചോദ്യം ഞാൻ ചോദിച്ചയുടൻ മൊബൈലിൽ ഒരു വിളി വന്നു. രണ്ടു മാസം മുമ്പ് ദൈവാലോചന പറഞ്ഞ ദൈവദാസനാണു വിളിക്കുന്നത്. 'എന്താ പാസ്റ്ററേ?' ഞാൻ ചോദിച്ചു. ''ഞാൻ ഇപ്പോൾ രാജസ്ഥാനിലാണ്. ഒരു യോഗത്തിനായി വന്നതാണ്. ബാലൻ സാറിനെ വിളിക്കണമെന്ന് ഒരു തോന്നൽ. അതുകൊണ്ടു വിളിച്ചതാണ്. എങ്ങനെയുണ്ട് അസുഖം?'' വലിയ വ്യത്യാസമൊന്നുമില്ലെന്നു ഞാൻ പറഞ്ഞു. പ്രാർത്ഥനയിൽ ഓർക്കാമെന്നു പറഞ്ഞ് അദ്ദേഹം ഫോൺ വച്ചു. അതോടെ എനിക്ക് ഒരു കാര്യം ഉറപ്പായി: ആ ദൈവദാസൻ രണ്ടു മാസം മുമ്പു പറഞ്ഞതു ദൈവാലോചനതന്നെ. അത് ഉറപ്പിച്ചു തരുന്നതിനുള്ള അടയാളമാണു ദൈവം തന്നത്. ഈ സംഭവം നടന്നിട്ട് മൂന്നു വർഷത്തോളമായി. ഇന്നും ഞാൻ ജീവനോടെയുണ്ട്. അതു ദൈവാലോചനയായിരുന്നു എന്നു കാലം തെളിയിച്ചു.

ഇനി പറയാൻ പോകുന്ന സംഭവം നടന്നത് 2011 നവംബർ അവസാന ആഴ്ചയിലാണ്. ഡിസംബർ ഒന്നിന് ഇറങ്ങേണ്ട ഡിഫെൻഡർ ഞാൻ ടൈപ്പ് ചെയ്യുകയാണ്. ആറാം പേജിൽ 'പ്രതിരോധത്തിന്റെ പതിന്നാലു വർഷങ്ങൾ' എന്ന ലേഖനത്തിന്റെ അവസാനഭാഗം ടൈപ്പ് ചെയ്തു. അത് ഇങ്ങനെയാണ്: ''ഡിഫെൻഡറിന്റെ ജീവാത്മാവും പരമാത്മാവും റ്റി.എസ് ബാലൻ എന്ന ഈയുള്ളവനാണ്. അതുകൊണ്ട് റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡർ ഇല്ലാതാകും. റ്റി.എസ്.ബാലന്റെ മരണവിവരം അറിയിച്ചുകൊണ്ടു പ്രസിദ്ധീകരിക്കുന്ന ഡിഫെൻഡറായിരിക്കും അവസാനത്തെ ലക്കം. നാളിതുവരെ എന്റെ ഫോട്ടോ ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചിട്ടില്ല. പക്ഷേ അവസാന ലക്കത്തിൽ ഫോട്ടോയുമുണ്ടാകും. ഞാൻ മരിച്ചാലും എന്റെ പുസ്തകങ്ങൾ, സി.ഡികൾ തുടങ്ങിയവ എന്റെ മക്കൾ വിതരണം നടത്തുന്നതാണ്. മാത്രമല്ല, എന്റെ വെബ്സൈറ്റും നിലനിൽക്കും.''

ഈ ഭാഗം ടൈപ്പ് ചെയ്തു തീർത്തയുടൻ മൊബൈലിൽ ഒരു വിളിയെത്തി. സെരാംപൂരിൽ നിന്നു ചെറിയാൻസാറാണു വിളിക്കുന്നത്. (അദ്ദേഹമാണു ഡി.മിൻ. കോർഡിനേറ്റർ). ചെറിയാൻ സാർ പറഞ്ഞതിന്റെ ചുരുക്കം ഇതാണ്: ആയുഷ്ക്കാല വരിസംഖ്യയെക്കുറിച്ചു പറയുമ്പോൾ ''ആയുഷ്ക്കാലം എന്നതുകൊണ്ട് വരിക്കാരന്റെ ആയുഷ്ക്കാലമെന്നല്ല റ്റി.എസ്. ബാലന്റെ ആയുഷ്ക്കാലമെന്നാണ് അർത്ഥമാക്കുന്നതെന്ന്, കാരണം റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡറും ഇല്ലാതാകും'' എന്ന് എഴുതിയതു വായിച്ചു. അങ്ങനെയല്ല വേണ്ടത്. ഡിഫെൻഡർ തുടങ്ങിവച്ച ശുശ്രൂഷ തുടരണം. അതിനു റ്റി.എസ്.ബാലനെപ്പോലുള്ള ഒരാളെ കിട്ടാനില്ലെങ്കിൽ ഒന്നിലധികം ആളുകളെ പരിശീലിപ്പിക്കണം. നാലോ അഞ്ചോ ദൈവദാസൻമാർ ചേർന്നാൽ എഴുത്തുകാരായി. റ്റി.എസ്.ബാലന്റെ മകന് പത്രം മാനേജ് ചെയ്യാൻ കഴിയുമല്ലോ. അതുകൊണ്ട് ഇത്തരമൊരു സാധ്യത ആരായണം.

ചെറിയാൻ സാർ എന്നെ അവസാനം വിളിച്ചത് അഞ്ചു വർഷം മുമ്പാണ്. മേല്പറഞ്ഞ പാരഗ്രാഫ് ടൈപ്പ് ചെയ്തു കഴിഞ്ഞപ്പോൾ വിളിച്ചതു ദൈവിക ഇടപെടലല്ലേ? ഏതായാലും ഞാൻ ''റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡർ ഇല്ലാതാകും'' എന്ന വാചകത്തിനു ശേഷം ബ്രാക്കറ്റിൽ ''അതല്ലെങ്കിൽ കർത്താവുതന്നെ മറ്റൊരു പോംവഴി ഉണ്ടാക്കണം'' എന്നു കൂടി ടൈപ്പ് ചെയ്തു ചേർത്തു.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ലൗകിക ജോലിയോടൊപ്പം സുവിശേഷവേല ചെയ്യുന്നവർക്ക് ഓർഡിനേഷൻ കൊടുക്കുന്നതു ശരിയായ നടപടിയാണോ? വിശദീകരിക്കണം.

■ ഓർഡിനേഷൻ എന്നതു പട്ടം കൊടുക്കലല്ല. ഓർഡിനേഷൻ ലഭിച്ചവർ പട്ടക്കാരുമല്ല. ഈ വസ്തുത മനസ്സിൽ വച്ചുകൊണ്ടുവേണം തുടർന്നുള്ള ഭാഗങ്ങൾ വായിക്കുവാൻ.

ഓർഡിനേഷൻ എന്നൊന്നുണ്ടോ? തീർച്ചയായും ഉണ്ട്. പ്രവൃ.13:1-3 ഇതിനു തെളിവാണ്. എന്താണ് ഓർഡിനേഷൻ എന്നും ഈ ഭാഗം തെളിയിക്കുന്നു. ദൈവം തന്റെ വേലയ്ക്കായി വിളിച്ചവരെ സഭ അംഗീകരിക്കുന്ന ശുശ്രൂഷയാണിത്.

ഇവിടെ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. വീണ്ടും ജനനം പ്രാപിച്ച എല്ലാ വ്യക്തികളും ദൈവസഭയിലെ അംഗങ്ങളാണ്. അവരെല്ലാം ദൈവവേലക്കാരുമാണ്. സംശയമുള്ളവർ എഫേ.4:11,12 വായിക്കുക. നാം ഉപയോഗിക്കുന്ന മലയാളം ബൈബിളിൽ ഈ ഭാഗം തർജ്ജമ ചെയ്തിരിക്കുന്നതു ദുർഗ്രഹമായ വിധത്തിലാണ്. അതുകൊണ്ട് ഇംഗ്ലീഷ് ബൈബിളോ പി.ഒ.സി ബൈബിളോ നോക്കുക. ദൈവജനത്തെ ദൈവം ഏല്പിച്ചിരിക്കുന്ന വേല ചെയ്യാൻ അവരെ പ്രാപ്തരാക്കുക എന്നതാണ് ദൈവസഭയിലെ ശുശ്രൂഷകരുടെ കർത്തവ്യം.

ആരൊക്കെയാണ് ദൈവസഭയിലെ ശുശ്രൂഷകർ? അപ്പോസ്തലൻ, പ്രവാചകൻ, സുവിശേഷകൻ, ഇടയൻ, അധ്യാപകൻ എന്നിവരാണവർ. ഇക്കാലത്ത് സകലരെയും പാസ്റ്റർമാരായാണ് ഓർഡെയ്ൻ ചെയ്യുന്നത്. അതു ശരിയായ നടപടിയല്ല. ദൈവം ഒരു വ്യക്തിയെ ഏതു ശുശ്രൂഷയ്ക്കായി വിളിച്ചു എന്നു മനസ്സിലാക്കി വേണം ഓർഡിനേഷൻ നൽകാൻ. സുവിശേഷകൻ പാസ്റ്ററേക്കാൾ വലിയവനാണ്. അതുകൊണ്ട് സുവിശേഷകന് ഓർഡിനേഷൻ കൊടുത്തു പാസ്റ്ററാക്കുകയും അരുത്.

പ്രാദേശിക സഭകൾ സ്വതന്ത്രമാണ്. അതുകൊണ്ട് പ്രാദേശിക സഭകൾ ചേർത്ത് സംഘടനയുണ്ടാക്കുക എന്നൊരു ആശയം പോലും ബൈബിളിലില്ല. സംഘടനയുടെ നേതാവു കൈവച്ച് ഓർഡിനേഷൻ നൽകുന്ന രീതിക്കു ബൈബിളിൽ അടിസ്ഥാനമില്ല. അതുകൊണ്ട് ഇക്കാലത്തു നടത്തുന്ന ഓർഡിനേഷൻ ദൈവികവുമല്ല.

ഓർഡിനേഷൻ എന്നതു പട്ടം കൊടുക്കലല്ല എന്നു നാം കണ്ടുകഴിഞ്ഞു. പിന്നെ എന്താണത്? പ്രവൃ.13:1-3 ഒരുവട്ടം കൂടി വായിക്കുക: ''അവർ കർത്താവിനെ ആരാധിച്ചും ഉപവസിച്ചും കൊണ്ടിരിക്കുമ്പോൾ: ഞാൻ ബർന്നബാസിനെയും ശൗലിനെയും വിളിച്ചിരിക്കുന്ന വേലയ്ക്കായി അവരെ എനിക്കു വേർതിരിക്കുവിൻ എന്ന് പരിശുദ്ധാത്മാവ് പറഞ്ഞു''. ദൈവവേലയ്ക്കായി ഒരു വ്യക്തിയെ 'വേർതിരിക്കുന്ന' ശുശ്രൂഷയാണ് ഓർഡിനേഷൻ. വിശദീകരിക്കാം:

സാധാരണ വിശ്വാസി ഉപജീവനത്തിനായി വിവിധതരം ജോലികൾ ചെയ്യുന്നു. അതോടൊപ്പം ദൈവവേലയും ചെയ്യുന്നു. എന്നാൽ ഓർഡിനേഷൻ ലഭിക്കുന്നതോടെ വിശ്വാസി ദൈവവേലയ്ക്കായി വേർതിരിക്കപ്പെടുന്നു. അതിനുശേഷം അവൻ മറ്റു ജോലികൾ ചെയ്യാനേ പാടില്ല എന്ന് അർത്ഥമില്ല. പക്ഷേ ദൈവവേലയ്ക്കായി വേർതിരിക്കപ്പെട്ടവൻ ദൈവവേലയ്ക്ക് ഒന്നാം സ്ഥാനം കൊടുക്കണം. അതു കഴിഞ്ഞ് മിച്ചമുള്ള സമയം (ഉണ്ടെങ്കിൽ) മറ്റെന്തെങ്കിലും ജോലി ചെയ്യാവുന്നതാണ്. പൗലോസ് ചെയ്തത് ഇതുതന്നെ: (പ്രവൃ.18:1-5 നോക്കുക.) പൗലോസ് സുവിശേഷവേലയോടൊപ്പം കൂടാരപ്പണിയും ചെയ്തു. എന്നാൽ ശീലാസും തിമൊഥെയോസും വന്നപ്പോൾ സുവിശേഷവേലയിൽ വ്യാപൃതനായി. പൗലോസ് കൂടാരപ്പണി ചെയ്ത് ഉപജീവനം കഴിച്ചത് അവിശ്വാസംമൂലമല്ല മറ്റുള്ളവർക്കു ഭാരമാകരുത് എന്നു കരുതിയാണ്. ഇത് അനുകരണീയമായ മാതൃകയാണെന്നതിനും സംശയമില്ല.

പറഞ്ഞു വരുന്നതിന്റെ ചുരുക്കം ഇതാണ്:

1. എല്ലാ ദൈവമക്കളും ദൈവവേല ചെയ്യണം.
2. സാധാരണക്കാരായ ദൈവമക്കൾ അഹോവൃത്തിക്കായി ജോലി ചെയ്യുന്നതോടൊപ്പം സുവിശേഷവേല ചെയ്യണം.
3. പൂർണ്ണസമയം സുവിശേഷവേല ചെയ്യാൻ വിളിക്കപ്പെട്ടവർ ദൈവവേലയ്ക്കായി വേർതിരിയണം. അങ്ങനെയുള്ളവരെയാണ് ഓർഡെയ്ൻ ചെയ്യേണ്ടത്.
4. ഓർഡിനേഷൻ ലഭിച്ചവർ സുവിശേഷവേലയ്ക്കായി വേർതിരിക്കപ്പെട്ടവരാണ്. അവർ ദൈവവേലയ്ക്ക് ഒന്നാം സ്ഥാനം കൊടുക്കണം. സമയം മിച്ചമുണ്ടെങ്കിൽ പാർട്ട് ടൈം ജോലി ചെയ്യാവുന്നതാണ്.
5. ഭൗതിക ജോലിക്ക് ഒന്നാം സ്ഥാനം കൊടുക്കുന്നവർക്കും ദൈവവേല ചെയ്യാമെങ്കിലും അവർക്ക് ഓർഡിനേഷൻ കൊടുക്കരുത്. കാരണം, ഓർഡിനേഷൻ എന്നത് ദൈവവേലയ്ക്കായി വേർതിരിക്കുന്ന ശുശ്രൂഷയാണ്.
6. സ്നാനം, തിരുവത്താഴം തുടങ്ങിയ ശുശ്രൂഷകൾ ചെയ്യാൻ ഓർഡിനേഷൻ ആവശ്യമില്ല. വിവാഹം, ശവസംസ്ക്കാരം എന്നിവ ആത്മീയ ശുശ്രൂഷകളേയല്ല. ഇവയ്ക്ക് ഓർഡിനേഷനുമായി ബന്ധമില്ല.

ദൈവവേലയ്ക്കായി വേർതിരിയാത്തവർക്ക് ഓർഡിനേഷൻ കൊടുക്കുന്നതു വചനവിരുദ്ധമാണെന്നു ചുരുക്കം.

# അടിസ്ഥാന വേദോപദേശങ്ങൾ

'ഡിഫെൻഡർ വിശ്വസിക്കുന്നു' എന്ന പേരിൽ ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചുവന്ന ലേഖന പരമ്പരയുടെ സമാഹാരമാണ് ഈ പുസ്തകം എന്നു പറയാം. എങ്കിലും ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. കൂടാതെ സംശയങ്ങൾക്കു മറുപടി പറയുകയും ചെയ്തു. ഈ പുസ്തകത്തിന്റെ പി.ഡി.എഫ്. പതിപ്പ് ഡിഫെൻഡറിന്റെ വെബ്സൈറ്റിൽ നിന്നു സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ്.

തികച്ചും ലളിതമായ ഭാഷയിൽ രചിക്കപ്പെട്ടിരിക്കുന്ന ഈ പുസ്തകം രക്ഷിക്കപ്പെട്ടവർക്കും രക്ഷിക്കപ്പെടാത്തവർക്കും ഒന്നു പോലെ പ്രയോജനം ചെയ്യുന്നതാണ്. അതുകൊണ്ട് കൂടുതൽ കോപ്പികൾ വാങ്ങി ബന്ധുമിത്രാദികൾക്കു സമ്മാനമായി നൽകാവുന്നതാണ്.

വില - ഒരു കോപ്പി - 30 രൂപ
(പോസ്റ്റേജ് - 20 രൂപ)
കൂടുതൽ വിവരങ്ങൾ അഞ്ചാം പേജിൽ വായിക്കുക.
**Phone: 0484-3232356.**

# ലൈബ്രറി ഓഫ് തിയോളജി

വേദവിദ്യാർത്ഥികളുടെ ഉപയോഗത്തിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ് ഈ സി.ഡികൾ. അതുകൊണ്ടാണ് ലൈബ്രറി ഓഫ് തിയോളജി എന്നു പേരിട്ടിരിക്കുന്നത്. പുസ്തകങ്ങളെ 10 ഇനങ്ങളായി തരം തിരിച്ചിരിക്കുന്നു. 1. പഴയനിയമം. 2. പുതിയനിയമം. 3. തിയോളജി. 4. എത്തിക്സ്. 5. ഹിസ്റ്ററി. 6. റിലീജിയൻസ്. 7. മിനിസ്ട്രി. 8. കൾട്ടും ഒക്കൾട്ടും. 9. ജീവചരിത്രങ്ങളും ആത്മകഥകളും. 10. പലവക. പത്തു ലക്ഷത്തിലധികം രൂപ വിലവരുന്ന പുസ്തകങ്ങളും അത്യപൂർവ്വ ഗ്രന്ഥങ്ങളും ഈ ഡിജിറ്റൽ ലൈബ്രറിയിലുണ്ട്. ചില സാമ്പിളുകൾ:

ജോസീഫസിന്റെ സമ്പൂർണ്ണ കൃതികൾ, ബൈബിളിലെ ഓരോ പുസ്തകത്തിന്റേയും വ്യാഖ്യാനങ്ങൾ, തൽമൂദുകൾ, ചാവുകടൽ ചുരുളുകൾ, വിവിധ ഡിക്ഷ്ണറികൾ, ഹാനോക്കിന്റെ പുസ്തകം ഉൾപ്പെടെയുള്ള അത്യപൂർവ്വ അപ്പോക്രിഫൽ പുസ്തകങ്ങൾ, പ്രശസ്ത ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ, സോക്രട്ടീസ്-പ്ലേറ്റോ-അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ പുസ്തകങ്ങൾ, അപൂർവ്വ ചരിത്ര പുസ്തകങ്ങൾ, വേദങ്ങൾ, ഖുറാൻ, ത്രിപിടിക, സെന്റ് അവസ്ത, സാത്താനിക് ബൈബിൾ, പ്രാചീന നിഗൂഢ മതങ്ങളെ സംബന്ധിക്കുന്ന പുസ്തകങ്ങൾ, മൊർമോൺ പുസ്തകം, കൾട്ടുകളുടെ ആധികാരിക ഗ്രന്ഥങ്ങൾ, ഒക്കൾട്ടുമായി ബന്ധപ്പെട്ട നിരവധി പുസ്തകങ്ങൾ, പ്രശസ്തരുടെ ജീവചരിത്രങ്ങൾ, ആത്മകഥകൾ ..... ദൈവശാസ്ത്രം ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ ഗ്രന്ഥങ്ങൾ ഒഴിവാക്കാനാവില്ല.

പത്തു സി.ഡികളിലുള്ള ഈ പുസ്തകങ്ങൾ മുഴുവൻ ഒരു യു.എസ്.ബി. ഡ്രൈവിൽ ആക്കിയിട്ടുണ്ട്. പി.ഡി.എഫ് ഫോർമാറ്റിലുള്ള ഈ പുസ്തകങ്ങൾ കമ്പ്യൂട്ടർ ഉപയോഗിച്ചു മാത്രമേ വായിക്കാൻ കഴിയൂ. അതുകൊണ്ട് യു.എസ്.ബി വാങ്ങുന്നതാണു നല്ലത്. സി.ഡിക്കും യു.എസ്.ബിക്കും ഇന്ത്യയിൽ വിലവ്യത്യാസവുമില്ല. മാത്രമല്ല, സി.ഡി. വിദേശത്തേക്ക് അയയ്ക്കുന്നതുമല്ല.

വില: ഇന്ത്യയിൽ - 900 രൂപ.
വിദേശം: 50 ഡോളർ
പോസ്റ്റേജ് സൗജന്യം.
(വിലാസം 6-ാം പേജിൽ)
ഗൾഫിലുള്ളവർ ഇന്ത്യയിലെ വിലാസം അറിയിക്കുക.

# അദൃശ്യലോകത്തെ അത്ഭുതജീവികൾ

മനുഷ്യനെ ദൈവത്തിൽ നിന്നകറ്റാൻ സാത്താൻ ഉപയോഗിക്കുന്ന തന്ത്രങ്ങളെക്കുറിച്ചാണ് നാം പഠിച്ചുകൊണ്ടിരുന്നത്. അവയിൽ ഏറ്റവും പ്രധാനപ്പെട്ട തന്ത്രമായ വിഗ്രഹാരാധനയെക്കുറിച്ചു ചില കാര്യങ്ങൾ കഴിഞ്ഞ ലക്കത്തിൽ വിശദീകരിച്ചു. ആ വിഷയത്തെക്കുറിച്ച് അല്പം കൂടി പറഞ്ഞിട്ട് മറ്റൊരു വിഷയത്തിലേക്കു കടക്കാം.

കത്തോലിക്കാ സഭയിൽ വിഗ്രഹാരാധനയുണ്ട് എന്ന വസ്തുത നമുക്കറിയാം. പക്ഷേ അതു കത്തോലിക്കർ സമ്മതിച്ചു തരുകയില്ല. തങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നില്ലെന്നും വണങ്ങുക മാത്രമാണു ചെയ്യുന്നതെന്നും അവർ വാദിക്കും. പക്ഷേ ഇവ തമ്മിലുള്ള വ്യത്യാസമെന്ത്?

എന്തൊക്കെയാണു കത്തോലിക്കർ ചെയ്തുവരുന്നതെന്നു വിശേഷിച്ചു പറയേണ്ടതില്ല. പള്ളികളിൽ നിറയെ വിഗ്രഹങ്ങളുണ്ട്. പ്രാർത്ഥനയും ആരാധനയുമെല്ലാം ഈ വിഗ്രഹങ്ങളുടെ മുമ്പിൽ നിന്നാണ്. പള്ളികളുടെ മുകളിലും കാണും വിഗ്രഹങ്ങൾ. കൂടാതെ, നാടുനീളെ കപ്പേളകൾ നിർമ്മിച്ചു വിഗ്രഹങ്ങൾ സ്ഥാപിക്കുന്നു. അവയുടെ മുമ്പിൽ നേർച്ചപ്പെട്ടി വച്ച് പണം പിരിക്കുന്നു. വീടുകളിലും വിഗ്രഹങ്ങളുണ്ടാകും. അവയുടെ മുമ്പിൽ തിരി കത്തിച്ചുവച്ചു പ്രാർത്ഥിക്കുന്നു. പെരുന്നാളും മറ്റും വരുമ്പോൾ വിഗ്രഹങ്ങൾ എഴുന്നെള്ളിച്ചുകൊണ്ടു നടക്കുന്നു. ചില പള്ളികളിലുള്ള വിഗ്രഹങ്ങൾ ചില പ്രത്യേക ദിവസങ്ങളിൽ മാത്രമേ പ്രദർശിപ്പിക്കൂ. അങ്ങനെ പോകുന്നു കാര്യങ്ങൾ. ഇതൊന്നും വിഗ്രഹാരാധനയല്ലെങ്കിൽ ഈ ലോകത്തു വിഗ്രഹാരാധനയെന്നൊന്നില്ല.

ഓർത്തഡോക്സ് സഭകളിൽ വിഗ്രഹങ്ങളില്ലെന്നാണു വയ്പ്. പക്ഷേ കേരളത്തിലുള്ള ചില ഓർത്തഡോക്സ്-യാക്കോബായ പള്ളികളിൽ വിഗ്രഹങ്ങളുണ്ട്. അവ ചില പ്രത്യേക ദിവസങ്ങളിൽ പ്രദർശിപ്പിക്കും. ജനം ഈ വിഗ്രഹങ്ങളുടെ മുമ്പിൽ നിന്നു പ്രാർത്ഥിക്കും. ഇതു വിഗ്രഹാരാധനയല്ലേ? കുരിശിനെ വണങ്ങുന്നതും വിഗ്രഹാരാധനയല്ലെന്നു വാദിക്കാം. എന്തിനേറെ പറയുന്നു, മാർത്തോമ്മ, സി.എസ്.ഐ., ഇവാഞ്ചലിക്കൽ തുടങ്ങിയ സഭകളിലും കുരിശുണ്ട്. ഒരളവോളമെങ്കിലും കുരിശുവണക്കവുമുണ്ട്. പെന്തക്കോസ്ത് സഭകളിലേക്കും കുരിശ് കടന്നുവരുന്നുണ്ട്. ഒന്നോ രണ്ടോ ദശാബ്ദം കൂടി കഴിയുമ്പോൾ പെന്തക്കോസ്ത് സഭകളിൽ കുരിശ് ഒരു അവിഭാജ്യ ഘടകമാകും.

പത്തു കല്പനകൾ ഉൾപ്പെടെയുള്ള ന്യായപ്രമാണം നീക്കപ്പെട്ടു എന്നതു ശരിയാണ്. എങ്കിലും പത്തു കല്പനകളിൽ നാലാം കല്പനയായ ശബത് ഒഴികെയുള്ള ഒൻപതു കല്പനകളും അല്പംകൂടി ശക്തിയോടെ പുതിയനിയമത്തിലുണ്ട്. അവ നാം അനുസരിക്കയും ചെയ്യേണ്ടതാണ്. വിഗ്രഹം ഉണ്ടാക്കുകയോ ആരാധിക്കുകയോ ചെയ്യരുതെന്ന കല്പനയും അക്കൂട്ടത്തിലുണ്ട്. അതുകൊണ്ട് ദൈവമക്കൾ വിഗ്രഹാരാധനയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധമുള്ളതെല്ലാം ഉപേക്ഷിക്കണം.

ഏതെങ്കിലും കത്തോലിക്കനോട് പത്തു കല്പനകൾ പറയാൻ ആവശ്യപ്പെടുക. ഭൂരിപക്ഷം കത്തോലിക്കരും പത്തെണ്ണവും ചൊല്ലും. പക്ഷേ ഒരു പ്രശ്നമുണ്ട്. വിഗ്രഹമുണ്ടാക്കുകയോ ആരാധിക്കുകയോ ചെയ്യരുത് എന്ന കല്പന അവർ പറയുകയില്ല. കാരണം, അങ്ങനെയൊരു കല്പന ഉള്ളതായിപ്പോലും അവരെ പഠിപ്പിച്ചിട്ടില്ല. അങ്ങനെയെങ്കിൽ ഒൻപതു കല്പനയല്ലേ ഉണ്ടാകൂ? പത്താമത്തെ കല്പന രണ്ടു കഷണമാക്കി പ്രശ്നം പരിഹരിച്ചു. ഇതാണു സാത്താന്റെ തന്ത്രം. വിശ്വാസികൾ ബൈബിൾ വായിക്കരുതെന്ന് കത്തോലിക്കാസഭ അടുത്ത കാലം വരെ പറഞ്ഞിരുന്നു. ബൈബിൾ വായിച്ചു സത്യം മനസ്സിലാക്കിയാൽ ജനം സത്യദൈവത്തെ തേടിപ്പോകുമെന്നു സാത്താനറിയാം. അതുകൊണ്ടാണു ബൈബിൾ വായിക്കരുതെന്നു പറയുന്നത്. പക്ഷേ ഇക്കാലത്ത് ഇത്തരമൊരു നിരോധനം ഫലപ്രദമാകുകയില്ല എന്നു നിശ്ചയം. അതുകൊണ്ട് ഇപ്പോൾ കത്തോലിക്കർക്ക് ബൈബിൾ വായിക്കാം.

മനുഷ്യരെ അജ്ഞരാക്കിവച്ചുകൊണ്ടിരുന്നാൽ സാത്താന് അവന്റെ ജോലി ചെയ്യാൻ എളുപ്പമാകും. മനുഷ്യരെ തെറ്റിദ്ധരിപ്പിക്കാൻ ബുദ്ധിമുട്ടുണ്ടാകുകയില്ല. അതുകൊണ്ടു മനുഷ്യർ സത്യമറിയുന്നതു തടയാൻ സാത്താൻ ശ്രമിക്കുന്നു. ബൈബിൾ വായിക്കരുത്, പുരോഹിതർ നൽകുന്ന വ്യാഖ്യാനം മാത്രമേ കേൾക്കാവൂ, മറ്റുള്ളവരുടെ യോഗത്തിനു പോകരുത്, സുവിശേഷകരെ വീട്ടിൽ കയറ്റരുത് തുടങ്ങി പട്ടത്വ സഭകൾ വിശ്വാസികൾക്കു നൽകുന്ന നിർദ്ദേശങ്ങൾ നിരവധി. എന്നിട്ടും മനുഷ്യർ ദൈവവചനം വായിക്കുന്നു, പഠിക്കുന്നു, സത്യമറിയുന്നു. അങ്ങനെ അവർ സ്വതന്ത്രരാകുന്നു.

വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആർക്കും കഴിയുന്നതല്ല. ഈ വസ്തുത സാത്താനു നന്നായറിയാം. അതുകൊണ്ടാണു സാത്താൻ മനുഷ്യഹൃദയങ്ങളിൽ അവിശ്വാസത്തിന്റെ വിത്തു വിതയ്ക്കുന്നത്. ദൈവത്തെ വിശ്വസിക്കാൻ മനുഷ്യർ തയ്യാറാകുന്നില്ല. അതുകൊണ്ടു ദൈവത്തിൽ നിന്നു പ്രാപിക്കാനും കഴിയുന്നില്ല. അങ്ങനെ സാത്താൻ വിജയിക്കുന്നു.

ഉപദേശവും ജീവിതവും ഒരു വിശ്വാസിയുടെ രണ്ടു ചിറകുകളാണ്. ഒരു ചിറകുമാത്രമുള്ള പക്ഷിക്കു പറക്കാൻ കഴിയുന്നതല്ല. ഉപദേശത്തിലോ ജീവിതത്തിലോ തെറ്റിയാൽ വിശ്വാസജീവിതം തകരും. ഈ വസ്തുത സാത്താനു നന്നായറിയാം. അതുകൊണ്ടു മനുഷ്യരെ ഉപദേശത്തിലോ ജീവിതത്തിലോ തെറ്റിക്കാൻ സാത്താൻ പരമാവധി ശ്രമിച്ചുകൊണ്ടിരിക്കും. ചില ഉദാഹരണങ്ങൾകൊണ്ട് ഈ വസ്തുത വ്യക്തമാക്കാം.

മദർ തെരേസ, ഫാദർ ഡാമിയൻ തുടങ്ങിയവർ ജീവിതത്തിൽ തെറ്റിയവരല്ല. പക്ഷേ ഇവർക്ക് ഉപദേശത്തിൽ തെറ്റി. പെന്തക്കോസ്ത് നേതാക്കന്മാരിൽ ചിലർ തെറ്റിയത് ഉപദേശത്തിലല്ല ജീവിതത്തിലാണ്. ഇവ രണ്ടും ഒന്നുപോലെയാണ്. ഉപദേശത്തിൽ തെറ്റിയവരും ജീവിതത്തിൽ തെറ്റിയവരും നിത്യനാശത്തിലേക്കാകും പോകുക.

ഉപദേശവിഷയങ്ങൾക്കു ഗൗരവം കൊടുക്കാതിരിക്കുന്ന പ്രവണത അടുത്ത കാലത്തായി പെന്തക്കോസ്തിൽ വർദ്ധിച്ചു വരുകയാണ്. ഉപദേശം എന്തുതന്നെ ആയാലും വേണ്ടില്ല ക്രിസ്ത്യാനി എന്നു പേരുണ്ടായാൽ മതി എന്ന നിലപാടാണു ചില പെന്തക്കോസ്ത് നേതാക്കന്മാർ സ്വീകരിച്ചിരിക്കുന്നത്. ഈ വിധത്തിൽ ജനത്തെ വഴിതെറ്റിക്കുന്നതിൽ കെ.സി.ജോണും പവ്വർ വിഷനും വഹിക്കുന്ന പങ്ക് വളരെ വലുതാണ്. പവ്വർ വിഷൻ ഉപദേശത്തിന് ഒരു പ്രാധാന്യവും കൊടുക്കുന്നില്ല. പാസ്റ്ററും അച്ചനും ബിഷപ്പും പവ്വർ വിഷന് ഒന്നുപോലെയാണ്. ആത്മീയതയുടെ പേരിൽ കോക്കാംപീച്ചികൾ കാട്ടിക്കൂട്ടുന്ന തങ്കുവിനെപ്പോലുള്ളവരും ഈ ചാനലിനു സ്വീകാര്യർ തന്നെ. ദൈവമക്കൾ സൂക്ഷിക്കണം. ഇതു സാത്താന്യ തന്ത്രമാണ്. ഉപദേശം എന്നതു പ്രാധാന്യമുള്ള വിഷയമല്ലെങ്കിൽ പെന്തക്കോസ്ത് സഭകൾക്കു നിലനിൽക്കാൻ അവകാശമില്ല. ഐ.പി.സിയുടെ ഭരണഘടനയിൽ വിവരിക്കുന്ന ഉപദേശങ്ങളിൽ കെ.സി.ജോണിനു വിശ്വാസമില്ലെങ്കിൽ ഐ.പി.സിയുടെ പ്രസിഡന്റ് സ്ഥാനം മാത്രമല്ല ഐ.പി.സിയിലെ അംഗത്വം പോലും കെ.സി. രാജി വയ്ക്കണം. ചോറിങ്ങും കൂറങ്ങും എന്ന മട്ടിൽ ജനവഞ്ചന നടത്തരുത്.

സഭാനേതാക്കന്മാരെ ദൈവമക്കൾ അന്ധമായി വിശ്വസിക്കുന്നു. ചോദ്യം ചെയ്യാതെ അനുസരിക്കുന്നു. ദൈവത്തെപ്പോലെ ബഹുമാനിക്കുന്നു. നേതാക്കന്മാർക്കെതിരെ ശബ്ദിച്ചാൽ ദൈവകോപമുണ്ടാകുമെന്നു ഭയപ്പെടുന്നു. ദാവീദ് ശൗലിനെതിരെ ആയുധമെടുത്തില്ലെന്നും മറ്റുമുള്ള മുടന്തൻ ന്യായങ്ങൾ പറയുന്നു. ഇതെല്ലാം സാത്താന്യ തന്ത്രത്തിന്റെ ഭാഗമാണ്. എത്ര വലിയ നേതാവിനും തെറ്റു പറ്റാം. ബില്ലിഗ്രഹാം പറഞ്ഞാലും വചനവിരുദ്ധമായ കാര്യങ്ങൾ അംഗീകരിക്കരുത്. വീണ്ടും ജനനം പ്രാപിച്ച ദൈവമക്കളെയെല്ലാം ദൈവം ഒന്നുപോലെ സ്നേഹിക്കുന്നു. നേതാക്കന്മാരോടു പ്രത്യേക സ്നേഹമൊന്നുമില്ല. സഭയിൽ അകാരണമായി ഭിന്നതയുണ്ടാക്കുന്നതു തെറ്റാണെങ്കിലും ന്യായമായ കാരണത്തിനു നേതാക്കന്മാരെ ചോദ്യം ചെയ്താൽ ദൈവകോപമുണ്ടാകുകയുമില്ല.

ഉപദേശത്തിലോ ജീവിതത്തിലോ തെറ്റിയവരെ സൂക്ഷിക്കുക: ഇത്തരക്കാർ സാത്താന്റെ ഏജന്റുമാരാണ്. ദൈവദാസന്മാരുടെ വേഷത്തിൽ നടക്കുന്നതുകൊണ്ടോ സഭയുടെ നേതൃസ്ഥാനത്തുള്ളതുകൊണ്ടോ ഇവർ ദൈവദാസന്മാരാകുന്നില്ല. ദൈവമക്കളെ വഴിതെറ്റിക്കാനായി സാത്താൻ ഉപയോഗിക്കുന്ന ആയുധങ്ങളാണിവർ. ദുരുപദേശം, ദുർന്നടപ്പ്, അന്യദൈവാരാധന, ദ്രവ്യാഗ്രഹം തുടങ്ങി ഗുരുതരമായ എല്ലാ പാപങ്ങളിലും മുഴുകി ജീവിക്കുന്നവരാണിവർ. ആട്ടിൻതോലിട്ട ഈ ചെന്നായ്ക്കളെ തിരിച്ചറിയാനും ഒഴിവാക്കാനും ദൈവമക്കൾക്കു കഴിയണം.

കൊമ്പും വാലും വച്ച് ഭീകരരൂപത്തിലാകും സാത്താൻ എത്തുക എന്ന് ആരും ധരിക്കരുത്. അങ്ങനെ വരുന്ന സാത്താനെ തിരിച്ചറിയാനും ഒഴിവാക്കാനും വലിയ ബുദ്ധിമുട്ടുണ്ടാകുകയില്ല. പക്ഷേ സാത്താൻ ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ ഇന്നും സംഭവിക്കുന്നു. ക്രിസ്തുവിനോടുള്ള നിർമ്മലതയും ഏകാഗ്രതയും നഷ്ടമാക്കുക എന്നതാണു സാത്താന്റെ ലക്ഷ്യം. അതു സാധിച്ചാൽ സാത്താൻ ജയിച്ചു.

ക്രൂശിക്കപ്പെട്ട യേശുവിനു പകരം മറ്റേതെങ്കിലും യേശുവിനെ പ്രസംഗിക്കുന്നവർ സാത്താന്റെ ദാസന്മാരാണ്. ക്രൂശിന്റെ വചനമാണ് യഥാർത്ഥ സുവിശേഷം. ക്രൂശില്ലാത്ത ഉപദേശം സാത്താന്യമാണ്. സമൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുന്നവർ ജനത്തെ ക്രിസ്തുവിലേക്കല്ല മാമോനിലേക്കാണു നയിക്കുന്നതെന്ന് അറിയുക.

കർത്താവു വാഗ്ദത്തം ചെയ്യാത്തതും അപ്പോസ്തലന്മാർ പ്രാപിക്കാത്തതും ലേഖനങ്ങളിൽ ഉപദേശമില്ലാത്തതുമായ എല്ലാ ഭൗതിക നന്മകളും സാത്താനിൽ നിന്നു വരുന്നു. ദ്രവ്യാഗ്രഹം സകലവിധ ദോഷങ്ങൾക്കും കാരണമാകുന്നു. പണമുണ്ടാക്കുന്നതോ പണമുണ്ടാകുന്നതോ പാപമല്ല. ദരിദ്രനായിരിക്കുന്നതു പുണ്യവുമല്ല. പണത്തോടുള്ള മനോഭാവമെന്ത് എന്നതാണു പ്രധാന സംഗതി. ഭൗതിക നന്മകൾ പ്രാപിക്കാനാണു കർത്താവിനെ പിൻപറ്റിയതെങ്കിൽ നിങ്ങൾക്കു തെറ്റിയിരിക്കുന്നു എന്നു വ്യക്തം.

## അടിസ്ഥാന വേദോപദേശങ്ങൾ വില്പന തുടരുന്നു

''അടിസ്ഥാന വേദോപദേശങ്ങൾ'' എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. പുസ്തകം ഡിഫെൻഡറിന്റെ ഓഫീസിൽ മാത്രമേ ലഭിക്കൂ. വില: 30 രൂപ മാത്രം.

ഈ പുസ്തകം **പോസ്റ്റിൽ ലഭിക്കുവാൻ** നൽകേണ്ട വില താഴെ കൊടുക്കുന്നു:

പുസ്തകത്തിന്റെ ഒരു കോപ്പി- 50 രൂപ.

രണ്ടു കോപ്പികൾ- 80 രൂപ. അഞ്ചു കോപ്പികൾ- 180 രൂപ.

പത്തു കോപ്പികൾ - 350 രൂപ.

കൂടുതൽ കോപ്പികൾ ആവശ്യമുള്ളവർ ഓരോ പുസ്തകത്തിനും 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും പത്തു പുസ്തകങ്ങൾക്ക് 50 രൂപ എന്ന നിരക്കിൽ പോസ്റ്റേജും നൽകിയാൽ മതിയാകും. വിദേശത്തുള്ളവർ ഈമെയിൽ അയയ്ക്കുകയോ ഫോണിൽ ബന്ധപ്പെടുകയോ ചെയ്യുക.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുറിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 50 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.

## ഈ ലക്കത്തിലെ പുസ്തകം




ദൈവശാസ്ത്രവിദ്യാർത്ഥികൾക്ക് ഉപകരിക്കുന്ന പുസ്തകങ്ങളാണ് 'ഈ ലക്കത്തിലെ പുസ്തകം' എന്ന പംക്തിയിലൂടെ പരിചയപ്പെടുത്തുന്നത്. എന്നാൽ പുസ്തകം പരിചയപ്പെടുത്തുക മാത്രമല്ല പരിചയപ്പെടുത്തുന്ന പുസ്തകങ്ങൾ വായനക്കാർക്കു തികച്ചും സൗജന്യമായി ഇന്റർനെറ്റിൽ നിന്നു ഡൗൺ ലോഡ് ചെയ്യാൻ അവസരം ഒരുക്കുക കൂടി ചെയ്യുന്നു എന്നതാണ് ഈ പംക്തിയുടെ പ്രത്യേകത. **Alfred Edersheim** എഴുതിയ **The Life and Times of Jesus The Messiah** എന്ന സുപ്രസിദ്ധ ഗ്രന്ഥമാണ് ഈ ലക്കത്തിൽ പരിചയപ്പെടുത്തുന്നത്. 1883ൽ പുറത്തിറങ്ങിയ 530 പേജുകളുള്ള ഈ ഇംഗ്ലീഷ് പുസ്തകം താഴെക്കാണുന്ന ലിങ്കിൽ, **PDF** ഫോർമാറ്റിൽ ലഭ്യമാണ്.

**http://www.tsbalan.com/downloads.html**

ഗുഡ്ന്യൂസ് ഫെസ്റ്റിവൽ നടക്കുന്നതിന് ഒരു വർഷം മുമ്പ് (കൃത്യമായി പറഞ്ഞാൽ 2007 ഏപ്രിൽ 16ന്) പുറത്തിറങ്ങിയ ഡിഫെൻഡറിന്റെ നാലാം പേജിൽ പ്രസിദ്ധീകരിച്ച ലേഖനം താഴെ കൊടുക്കുന്നു. ഡിഫെൻഡറിന്റെ ദീർഘദർശനം എത്രത്തോളം ശരിയായിരുന്നു എന്നു വായനക്കാർ തന്നെ വിധിക്കുക.

# ബോങ്കെയുടെ വീണ്ടും വരവും കുറെ പ്രശ്നങ്ങളും

റെയ്നാഡ് ബോങ്കെ വീണ്ടും കേരളത്തിൽ എത്തുന്നതായി അറിഞ്ഞു. ഇതേപ്പറ്റി ഡിഫെൻഡറിന് എന്താണു പറയുവാനുള്ളത് എന്നു പല വായനക്കാരും ചോദിക്കുകയുണ്ടായി. അതുകൊണ്ട് ഈ വിഷയവുമായി ബന്ധപ്പെട്ടു ഡിഫെൻഡറിനു പറയാനുള്ള പ്രധാന കാര്യങ്ങളെല്ലാം പറയുകയാണ്:

കേരളത്തിൽ ഒട്ടേറെ മെഗാ ക്രുസേഡുകൾ നടന്നു കഴിഞ്ഞു. ബോങ്കെയുടെ ഒന്നാമത്തെ ക്രുസേഡായിരുന്നു ഇതിനു തുടക്കമിട്ടത്. ഈ ക്രുസേഡുകൾ കൊണ്ട് എന്തു നേട്ടമുണ്ടായി എന്ന ചോദ്യം പ്രസക്തമാണ്. പത്രകാർക്കു പരസ്യം വഴി കുറെ പണം കിട്ടി. പുസ്തകശാലക്കാർ, കാസറ്റ് കച്ചവടക്കാർ തുടങ്ങിയവർക്ക് നല്ല ബിസിനസ് കിട്ടി. നേതാക്കന്മാർക്ക് ഷൈൻ ചെയ്യാൻ സാധിച്ചു. പക്ഷെ എടുത്തുപറയത്തക്ക ആത്മീയ നേട്ടമൊന്നും ഉണ്ടായില്ല. നൂറുകണക്കിനു രോഗികൾ സൗഖ്യമായി എന്നു പ്രചാരണം ഉണ്ടായിരുന്നെങ്കിലും പറയത്തക്ക ഒരു രോഗസൗഖ്യം പോലും ഉണ്ടായതുമില്ല. ഈ ക്രുസേഡുകൾ നടത്താനുണ്ടായ ചെലവു പരിഗണിക്കുമ്പോൾ എല്ലാ ക്രുസേഡുകളും ആത്മീയമായി വൻ പരാജയങ്ങളായിരുന്നു. കോലാഹലമുണ്ടാക്കി കേരളത്തിൽ ആത്മീയ നേട്ടമുണ്ടാക്കാൻ പറ്റില്ലെന്നു വ്യക്തമായി.

യോഗിചോ, ബെന്നിഹിൻ, റോജർ ഹോസ്മ തുടങ്ങിയവരുമായി തട്ടിച്ചുനോക്കുമ്പോൾ ബോങ്കെയ്ക്ക് ചില നല്ല ഗുണങ്ങളുണ്ട്. സത്യ സുവിശേഷം പ്രസംഗിക്കുന്നതിനു ശുശ്രൂഷയുടെ നല്ലൊരു പങ്ക് ബോങ്കെ മാറ്റി വയ്ക്കുന്നു എന്നാതാണ് അതിൽ പ്രധാനപ്പെട്ടത്. ഉണർവ്വു പ്രസംഗകർ എന്ന പേരിൽ അറിയപ്പെടുന്ന മറ്റാരും ദൈവവചനത്തിന് ഇത്രത്തോളം പ്രാധാന്യം നൽകാറില്ല. ബോങ്കെ രോഗികൾക്കു വേണ്ടി പ്രാർഥിക്കുന്നുണ്ടെങ്കിലും ബെന്നിഹിനിനെപ്പോലെ രോഗശാന്തി തട്ടിപ്പ് നടത്താറില്ല. അദ്ഭുതങ്ങൾക്ക് ബോങ്കെയുടെ ക്രുസേഡുകളിൽ രണ്ടാം സ്ഥാനമേയുള്ളൂ. ഒന്നാം സ്ഥാനം ദൈവവചനത്തിനു നൽകുന്നു. ഇതൊക്കെ നല്ല കാര്യങ്ങളാണ്. അതുകൊണ്ട് മറ്റ് അദ്ഭുത വീരന്മാരെ എതിർക്കുന്നതുപോലെ ഡിഫെൻഡർ ബോങ്കെയെ എതിർക്കുകയില്ല.

ബോങ്കെയുടെ ക്രുസേഡ് നടത്തുക എന്നത് അത്ര എളുപ്പമുള്ള കാര്യമാണ് എന്ന് ഈ പറഞ്ഞതിന് അർഥമില്ല. ക്രുസേഡ് നടത്താനുള്ള പ്രായോഗിക ബുദ്ധിമുട്ട് എത്രത്തോളമുണ്ടെന്ന് ബ്രദർ പോൾ മേടമന ഒരിക്കൽ അനുഭവിച്ചറിഞ്ഞതാണല്ലോ. അതിലും ഗുരുതരമാകും ഇത്തവണത്തെ സ്ഥിതി.

1. നേതാക്കന്മാരുടെ നിസ്സഹകരണം പ്രധാന പ്രശ്നമാകും. തങ്ങൾക്ക് ഷൈൻ ചെയ്യാൻ അവസരം കിട്ടാത്ത ഒരു പരിപാടിയും ഈ ഭൂമി മലയാളത്തിൽ നടക്കാൻ പാടില്ല എന്നാണ് അവരുടെ ആഗ്രഹം. കഴിഞ്ഞ ക്രുസേഡിൽ ചില നേതാക്കന്മാർ നടത്തിയ തറവേലകൾ മേടമന മറന്നു കാണില്ലല്ലോ.

2. നേതാക്കന്മാർ മാത്രമല്ല അധികാര മോഹികളായ ഛോട്ടാ പാസ്റ്റർമാരും എതിർപ്പുമായി രംഗത്തുണ്ടാകും. ഷൈൻ ചെയ്യാൻ അവസരം കിട്ടില്ല എന്നതുതന്നെയായിരിക്കും അവരുടെ പ്രശ്നം.

3. മേടമനയ്ക്കു കാശുണ്ടാക്കാനുള്ള തന്ത്രമാണ് ഈ ക്രുസേഡ് എന്ന പ്രചാരണമുണ്ടാകും. ആവശ്യമായതിന്റെ പകുതി ഫണ്ട് പോലും ശേഖരിക്കാൻ ബുദ്ധിമുട്ടും. എല്ലാം കഴിയുമ്പോൾ വലിയൊരു തുക കടമുണ്ടാകും.

4. കഴിഞ്ഞ ക്രുസേഡിൽ ഉണ്ടായത്ര ജനക്കൂട്ടം ഇത്തവണ ഉണ്ടാകുമെന്നു കരുതരുത്. എത്ര പരസ്യം കൊടുത്താലും ഒരളവിലധികമൊന്നും ജനം കൂടുകയില്ല.

5. വിശ്വാസികളുടെ സഹകരണവും പഴയതുപോലെ ഉണ്ടാകില്ല. അതുകൊണ്ടു കൂലിക്ക് ആളുകളെ വച്ച് മിക്ക കാര്യങ്ങളും ചെയ്യിക്കേണ്ടതായി വരും.

6. കൂടെ നില്ക്കുന്നവരെ മേടമന സൂക്ഷിക്കുക. അവരിൽ മിക്കവർക്കും ആത്മീയ കാഴ്ചപ്പാടോ ലക്ഷ്യങ്ങളോ ഇല്ല. ഷൈൻ ചെയ്യാൻ അവസരം കിട്ടും, കീശയും വീർപ്പിക്കാം, എന്നൊക്കെ മനക്കോട്ട കെട്ടിയാണ് അവർ ഏലായിട്ടുതരുന്നത്. അവർ വിചാരിക്കുന്നതുപോലെയല്ല കാര്യങ്ങൾ നടക്കുന്നതെന്നു കാണുമ്പോൾ അവർ ശത്രുക്കളാകും

7. പത്രക്കാരിൽ ഭൂരിപക്ഷവും സഹകരിക്കും. പരസ്യം വകയിലും വരിസംഖ്യ വകയിലും കുറെ പണം കിട്ടും എന്നതുതന്നെ കാരണം. പരസ്യവും ഷൈൻ ചെയ്യാനുള്ള അവസരവും കിട്ടാത്ത പത്രക്കാർ എതിർത്തെന്നും വരാം. 'ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം' എന്നാണല്ലോ അവരുടെ മുദ്രാവാക്യം.

ഇത്രയൊക്കെയാണ് ക്രുസേഡ് നടത്തിപ്പുമായി ബന്ധപ്പെട്ട് ഉണ്ടാക്കുക. ഇനി ക്രുസേഡ് കഴിഞ്ഞുള്ള കാര്യം.

1. ആകെകൂടി ഒരു ബഹളവും കോലാഹലവും ഒക്കെ ഉണ്ടാകുമെന്നല്ലാതെ ആത്മീയമായി ഒരു പ്രയോജനവും ഉണ്ടാകില്ല.

2. രക്ഷിക്കപ്പെട്ടു എന്നു പ്രഖ്യാപിച്ച് കൈപൊക്കാനും ഫോം പൂരിപ്പിച്ച് നൽകാനും ഒക്കെ ആയിരങ്ങൾ തയ്യാറാകും പക്ഷേ യോഗം കഴിയുമ്പോൾ ഇവരെല്ലാം പഴയ നിലയിലാകും. രക്ഷിക്കപ്പെട്ടാൽ കടലാസിൽ ഒതുങ്ങും.

3. അത്ഭുത രോഗശാന്തി ലഭിച്ചതായി നിരവധി ആളുകൾ സാക്ഷ്യം പറയും. പക്ഷേ വിശദമായി അന്വേഷണം നടത്തുമ്പോൾ ഈ സൗഖ്യങ്ങളെല്ലാം കളവാണെന്ന് വ്യക്തമാകും. അത്ഭുതം എന്നു വിളിക്കാവുന്ന ഒരു സംഭവവും ഉണ്ടാകുകയില്ല.

4. മേടമനയ്ക്ക് പുതിയ കുറെ ശത്രുക്കളുണ്ടാകും. മേടമന ഒന്നാംതരം തട്ടിപ്പുകാരനാണെന്ന പ്രചാരണമുണ്ടാകും.

5. ചെലവായ തുകയുടെ പകുതിപോലും പിരിഞ്ഞു കിട്ടുകയില്ല എന്നു പറഞ്ഞു കഴിഞ്ഞല്ലോ. അതുകൊണ്ട് വലിയൊരു തുക കടമുണ്ടാകും. കൂടെ നിന്ന് ഷൈൻ ചെയ്ത ആരും ഈ കടത്തിന്റെ ഭാഗം ഏറ്റെടുക്കുവാൻ തയ്യാറാകുകയില്ല.

6. സകല പ്രശ്നങ്ങൾക്കും ഏക ഉത്തരവാദി മേടമനയാണ് എന്ന് പ്രചരണമുണ്ടാകും. മനസ്സും ശരീരവും ഒന്നുപോലെ തളർത്തുന്ന അപവാദപ്രചരണമുണ്ടാകും. ഈ പണിക്ക് പോകേണ്ടിയിരുന്നില്ല എന്നു തോന്നിപ്പിക്കും.

കൺവൻഷനോ ക്രുസേഡോ മെഗാക്രുസേഡോ എന്തു തന്നെയായാലും ഡിഫൻഡറിന്റെ നിലപാടു വ്യക്തമാണ്.

1. സത്യ സുവിശേഷം പ്രസംഗിക്കപ്പെടുന്ന ഒരു യോഗത്തെയും ഡിഫൻഡർ എതിർക്കുകയില്ല. സമൃദ്ധിയുടെ സുവിശേഷമോ മറ്റ് വ്യാജ സുവിശേഷങ്ങളോ പ്രസംഗിക്കപ്പെടാനുള്ള സാധ്യതകൾ ഉണ്ടെന്നു കണ്ടാൽ ഡിഫെൻഡർ എതിർക്കും.

2. മിറക്കിൾ ക്രുസേഡ് എന്ന പരിപാടി വചനവിരുദ്ധമാണ്. സുവിശേഷം പ്രസംഗിക്കുക, രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുക തുടങ്ങിയവ ചെയ്യേണ്ടതാണ്. പക്ഷേ മിറക്കിൾ ക്രുസേഡ് എന്നു കൊട്ടി ഘോഷിക്കരുത്.

3. നടക്കാത്ത അത്ഭുതം നടന്നെന്നു പ്രചരിപ്പിച്ച് ജനവഞ്ചന നടത്തിയാൽ ഡിഫെൻഡറിന് എതിർക്കേണ്ടിവരും.

4. സാമ്പത്തിക ദുർവിനിയോഗം ഉണ്ടാകരുത്. പരസ്യങ്ങൾ ആവശ്യമാണെങ്കിലും ഒരു അളവിലധികം പണം പരസ്യത്തിനായി വിനിയോഗിക്കരുത്.

5. ഒരു വ്യക്തിക്കും അമിതമായ പ്രാധാന്യം കൊടുക്കരുത്.

# ഇന്റർനാഷണൽ വ്യാജൻമാരെ ദൈവജനം തിരിച്ചറിയണം

'സായിപ്പിനെ കാണുമ്പോൾ കവാത്തു മറക്കും' എന്ന ചൊല്ല് പെന്തക്കോസ്തുകാരുടെ കാര്യത്തിൽ അന്വർത്ഥമാണ്. കൺവൻഷനു സായിപ്പുണ്ടെന്നു കേട്ടാൽ ജനം ഇരച്ചു കയറും. സായിപ്പ് ഏതു തരക്കാരനാണെന്നോ എന്തുതരം ഉപദേശമാണു പഠിപ്പിക്കുന്നതെന്നോ എത്ര കെട്ടിയതാണെന്നോ ഒന്നും അന്വേഷിക്കുകയില്ല. കൺവൻഷന് ഒരു സായിപ്പിനെ കിട്ടിയാൽ ഓഖേ.

ഒരു ദശാബ്ദത്തോളം മുമ്പ് കേരളത്തിലെ സ്ഥിരം സന്ദർശകനായിരുന്ന ഡേവിഡ് ടെറൽ യേശുനാമക്കാരനായിരുന്നു. ത്രിത്വനാമത്തിൽ സ്നാനപ്പെട്ടവരെ സ്നാനപ്പെട്ടവരായിപ്പോലും പരിഗണിക്കാൻ പറ്റില്ലെന്നാണ് ടെറൽ പഠിപ്പിക്കുന്നത്. പാമല കൺവൻഷന് എത്തുമെന്നു പറയപ്പെട്ടിരുന്ന റ്റി.ഡി.ജേക്സ് കടുത്ത ദുരുപദേശക്കാരനാണെന്ന വസ്തുത കഴിഞ്ഞലക്കം ഡിഫെൻഡറിൽ വ്യക്തമാക്കിയിരുന്നല്ലോ. ചില വർഷങ്ങൾക്കു മുമ്പ് കോട്ടയത്തെത്തിയ യോംഗിചോ സാത്താന്യ ഉപദേശമാണു പഠിപ്പിക്കുന്നത്. സംശയമുള്ളവർ ഈ ലക്കം 10,11 പേജുകൾ നോക്കുക. ബെന്നിഹീനിന്റെ കാര്യം പറയുകയും വേണ്ട.

ഉണർവ്വു പ്രസംഗകരെന്ന പേരിൽ അറിയപ്പെടുന്ന ഈ വിരുതൻമാരെല്ലാം ഒന്നാംതരം തട്ടിപ്പുകാരാണ്. രോഗശാന്തി, അദ്ഭുതം തുടങ്ങിയവയുടെ പേരിൽ ഇവർ സാധുക്കളെ വഞ്ചിക്കുകയാണു ചെയ്യുന്നത്. അദ്ഭുതരോഗശാന്തി എന്നു സംശയാതീതമായി വിധിക്കാവുന്ന ഒരു സംഭവവും ഇവരുടെ യോഗങ്ങളിൽ നടക്കുന്നില്ല. നടന്നു എന്ന പ്രചരണം ശുദ്ധ ഭോഷ്ക്കാണ്.

ബോങ്കെ ഒരളവോളമെങ്കിലും മാന്യനാണ് എന്നത്രേ ഡിഫെൻഡർ കരുതിയിരുന്നത്. പക്ഷേ നൈജീരിയയിലെ ഒരു പാസ്റ്റർ മരിച്ചിട്ട് ഉയിർത്തു എന്നു ബോങ്കെ കള്ളകഥ പ്രചരിപ്പിച്ചതായി തെളിഞ്ഞതോടെ ഡിഫെൻഡറിനു ബോങ്കെയെക്കുറിച്ചുള്ള അഭിപ്രായത്തിനു മാറ്റം വന്നു. മേടമനയുടെ അനുഭവം കൂടി കേട്ടതോടെ എല്ലാം തികഞ്ഞു. ബോങ്കെയും വ്യാജനാണെന്ന് ഇതാ വ്യക്തമായിരിക്കുന്നു.

## സി.ഡി.കളുടെ വിലവിവരം

ഡിഫെൻഡറിന്റെ ഓഫീസിൽ നിന്നു വിവിധതരം സി.ഡികൾ വിറ്റുവരുന്നതിനാൽ വിലയെപ്പറ്റി സംശയമുണ്ടാകാനിടയുണ്ട്. അതുകൊണ്ട് വിലവിവരപ്പട്ടിക താഴെ കൊടുക്കുന്നു:

1. വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ (എം.പി.3) - 900 രൂപ
2. പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ - 900 രൂപ

രണ്ടു സി.ഡികളും ചേർത്ത് ഇന്ത്യയിൽ - 1800 രൂപ.
വിദേശത്തുള്ളവർ വിലയും ഇന്ത്യയിലെ വിലാസവും അയച്ചുതരിക. (വിദേശത്തേക്ക് സി.ഡികൾ അയയ്ക്കുന്നതല്ല.)

യു.എസ്.ബി ഡ്രൈവ് (For Laptops/Computers only)

1. വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ (എം.പി.3- 100 മണിക്കൂർ), പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ (എം.പി.3 - 100 മണിക്കൂർ) എന്നിവ ഒരു യു.എസ്.ബിയിൽ ലഭിക്കും.
വില: ഇന്ത്യയിൽ 1800 രൂപ. വിദേശം: 100 ഡോളർ
2. ലൈബ്രറി ഓഫ് തിയോളജി (Books-PDF)
ഇന്ത്യയിൽ- 900 രൂപ. വിദേശം: 50 ഡോളർ

പ്രത്യേക ശ്രദ്ധയ്ക്ക്: യു.എസ്.ബി. ഡ്രൈവുകൾ ഗൾഫ് ഒഴികെയുള്ള വിദേശ രാജ്യങ്ങളിലേക്കും അയയ്ക്കും.
വിലാസം: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683542

## ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേമേമേ......



ഡാം പൊട്ടരുതേ.... പൊട്ടിയാലും ഞങ്ങളെ രക്ഷിക്കണമേ.........

പെന്തക്കോസ്ത് പത്രപ്രവർത്തകർ പി.ജി.മാത്യൂസിന്റെ നേതൃത്വത്തിൽ മെഴുകുതിരി കത്തിച്ച് പ്രാർത്ഥിക്കുന്നു. (പി.ജി.മാത്യൂസ് ചർച്ച് ഓഫ് ഗോഡിന്റെ അസി. ഓവർസിയറാണ്.)

# പോൾ മേടമന പറയുന്നതിങ്ങനെ

*ഗുഡ്ന്യൂസ് ഫെസ്റ്റിവലിനു നേതൃത്വം കൊടുത്ത പോൾ വർഗീസ് മേടമന ചെക്കു കേസ്സിൽ ശിക്ഷിക്കപ്പെടാൻ ഇടയായതെങ്ങനെ? ഒരു കോടിയോളം രൂപയുടെ ബാധ്യത സ്വയം ഏറ്റെടുത്ത മേടമനയെ ചെക്കുകേസ്സിൽ നിന്നെങ്കിലും രക്ഷിക്കാൻ ബോങ്കെയ്ക്കു കഴിയുമായിരുന്നില്ലേ? മേടമന ഇതാ സ്വന്തം അനുഭവം വിവരിക്കുന്നു:*




ഞാൻ ക്രൂസേഡ് ഓർഗനൈസ് ചെയ്തത് ബോങ്കെയുടെ സംഘടനയായ സിഫാന്റെ അപേക്ഷ അനുസരിച്ചാണ്. 2007 ഫെബ്രുവരിയിൽ ബ്രദർ ബി.പി.വർഗീസിൽക്കൂടിയാണ് അവർ എന്നെ കോൺടാക്ട് ചെയ്ത് മീറ്റിംഗ് നടത്താൻ എന്നെ ഏല്പ്പിച്ചത്. 1998-ൽ നടന്ന ക്രൂസേഡ് മൂലം എന്നോട് ഉണ്ടായ അടുപ്പമാണ് അതിന് അവരെ പ്രേരിപ്പിച്ചത്. പ്രാർത്ഥിച്ചു നിയോഗം ലഭിച്ചതു കൊണ്ടാണ് എന്നെ ചുമതല ഏല്പിക്കുന്നതെന്നും അവർ പറയുകയുണ്ടായി.

ക്രൂസേഡ് നടത്താനായി ഞാൻ കണ്ടെത്തിയ സ്ഥലങ്ങളൊന്നും അവർക്കു സ്വീകാര്യമായില്ല. അതുകൊണ്ട് അവർ പറഞ്ഞ സ്ഥലത്തു തന്നെ ക്രൂസേഡ് നടത്തി. ആവശ്യത്തിനുള്ള പണം അവർ സ്വരൂപിക്കുന്നുണ്ടെന്നാണ് എന്നോടു പറഞ്ഞിരുന്നത്. അവർ ഈ ക്രൂസേഡിനുവേണ്ടി നാലു കോടി രൂപ സ്വരൂപിച്ചതായി ഞാൻ അവരുടെ വെബ് സൈറ്റിൽ നിന്നു മനസ്സിലാക്കി. അതുകൊണ്ടു ഞാൻ പറഞ്ഞു: ''ഞാൻ കുറച്ചു പണം ഇവിടെ നിന്നും സ്വരൂപിക്കാം, ബാക്കി നിങ്ങൾ തന്നാൽ മതി''. ത്യാഗമില്ലാതെ യാഗമില്ലല്ലോ എന്ന ചിന്തയാണ് അതിന് എന്നെ പ്രേരിപ്പിച്ചത്.

3.75 കോടി (മൂന്നേമുക്കാൽക്കോടി) രൂപയാണ് ആകെ ചെലവായത്. അതിൽ 1.2 കോടി അവർ തന്നു. 1.50 കോടി നമ്മൾ ഇവിടെ സ്വരൂപിച്ചു. 1.25 കോടി കടമായി ശേഷിച്ചു. അതിൽ 50 ലക്ഷം രൂപ എന്റെ വീടും പൊള്ളാച്ചിയിലുള്ള തോട്ടവും പണയത്തിനുനൽകി കൊടുത്തു തീർത്തു. പലിശയിനത്തിൽ മാത്രം 35 ലക്ഷം രൂപയോളം കൊടുത്തു.

ഒടുവിൽ 22 ലക്ഷം രൂപ കോട്ടയത്തെ ഒരു പ്രമുഖ പരസ്യ സ്ഥാപനത്തിനു കൊടുത്തു തീർക്കാനുണ്ടായിരുന്നു. ആ തുക എന്റെ സ്ഥലം വിറ്റ് കൊടുത്തുതീർക്കാമെന്നു ഞാൻ പറഞ്ഞെങ്കിലും അതു കൂട്ടാക്കാതെ അവർ ബോങ്കെയുടെ സംഘടനയായ സിഫാനെ സമീപിച്ചു. സീഫാൻ എന്നോട് ആലോചിക്കാതെ 16 ലക്ഷം രൂപ കൊടുക്കുകയും പണം കൊടുത്ത വിവരം എന്നോടു പറയരുതെന്ന് നിർദ്ദേശിക്കുകയും ചെയ്തു. പാസ്റ്റർ രൻജനും ഞാനും ചേർന്ന് ഒപ്പിട്ട ആറു ലക്ഷം രൂപയുടെ ചെക്ക് (ആകെ മൂന്നു ചെക്കുകൾ) പരസ്യക്കമ്പനിയുടെ കൈവശം ഉണ്ടായിരുന്നു. അതുപയോഗിച്ച് ബാക്കി പണം വസൂലാക്കാൻ അവരുമായി സീഫാൻ ഒരു രഹസ്യ ധാരണയിൽ എത്തുകയും ചെയ്തു. അതനുസരിച്ച് പരസ്യക്കമ്പനി മൂന്നു ചെക്കുകളും ബാങ്കിൽ കൊടുത്തു. അക്കൗണ്ടിൽ ആവശ്യത്തിന് പണമില്ലാതിരുന്നതുകൊണ്ട് ചെക്കുകൾ മടങ്ങി. അതോടെ പരസ്യക്കമ്പനി ഞങ്ങൾക്ക് എതിരായി മൂന്നു കേസ്സുകൾ ഫയൽ ചെയ്തു. അതിൽ ഒരു കേസ്സ് വിധിയായി. ഞങ്ങളെ രണ്ടുപേരേയും ഓരോ വർഷത്തെ കഠിന തടവിനും പണം നൽകുന്നതിനും ശിക്ഷിച്ചു. ഈ വിധിക്കെതിരെ ഞങ്ങൾ അപ്പീൽ കൊടുക്കുകയും ജാമ്യത്തിൽ ഇറങ്ങുകയും ചെയ്തു. ഇനി രണ്ടു കേസ്സുകൾ കൂടി വിധിയാകാനുണ്ട്.

ഈ പ്രശ്നവുമായി ഞങ്ങൾ സീഫാനെ സമീപിച്ചപ്പോൾ അവർ കൈമലർത്തി. അവസാനം എനിക്കെതിരെ ഡൽഹിയിലുള്ള ഒരു വക്കീലിനെക്കൊണ്ടു നോട്ടീസുകൾ അയപ്പിച്ചു. എനിക്കെതിരെ ക്രിമിനൽ കേസ്സ് കൊടുക്കുമെന്നാണ് അവരുടെ ഭീഷണി. അവർ പറഞ്ഞിട്ടല്ല ഞങ്ങൾ മീറ്റിംഗ് നടത്തിയതെന്നും അവർ ഈ യോഗത്തിന്റെ പേരിൽ ഫണ്ട് സ്വരൂപിച്ചിട്ടില്ലെന്നും അതുകൊണ്ടു പണം തരാൻ അവർക്ക് ബാദ്ധ്യത ഇല്ലെന്നും തീർത്തു പറഞ്ഞു. ഞാൻ ബോങ്കെയെ നേരിൽ കണ്ട് ഈ കാര്യങ്ങളെല്ലാം അറിയിച്ചെങ്കിലും ഫലമുണ്ടായില്ല.

എന്റെ ഭാര്യ കഴിഞ്ഞ നാലു വർഷം കാനഡയിൽ ജോലി ചെയ്തുണ്ടാക്കിയ പണവും എന്റെ കമ്പനികളിൽ നിന്നു കിട്ടിയ വരുമാനവും കൊണ്ട് കടം തീർത്തുകൊണ്ടിരുന്നു. അവസാനം പൊള്ളാച്ചിയിലുള്ള എന്റെ തോട്ടം വിറ്റു കിട്ടിയ പണം ഉപയോഗിച്ച് കടം മുഴുവനായി തീർക്കുവാൻ ദൈവം എന്നെ സഹായിച്ചു. ഇനി അവശേഷിക്കുന്നത് പരസ്യക്കമ്പനിയുമായുള്ള പ്രശ്നമാണ്. അവർ കോടതിയെ സമീപിച്ചതുകൊണ്ട് ആ പ്രശ്നം കോടതി വഴിയായിത്തന്നെ പരിഹരിക്കപ്പെടട്ടെ.

ഹിന്ദുക്കളും മുസ്ലീങ്ങളും ആയിട്ടുള്ള എന്റെ കടക്കാർ പരമാവധി ഇളവുകൾ തന്ന് കടമെല്ലാം സന്തോഷമായി തീർക്കുവാൻ സഹകരിച്ചു. ഞങ്ങൾക്ക് ആരോടും പരിഭവമില്ല. എന്റെ നല്ലവനായ ദൈവം ഞങ്ങളെ കരുതി. അനേകർ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ചു. ക്രൂസേഡിൽ ഞങ്ങളോട് സഹകരിച്ച എല്ലാവർക്കും ഒത്തിരി നന്ദി. അവരെ ദൈവം അനുഗ്രഹിക്കട്ടെ.

## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

- ഡൊമെയ്ൻ രജിസ്ട്രേഷൻ
- വെബ് ഹോസ്റ്റിംഗ്
- വെബ്സൈറ്റ് ഡിസൈനിംഗ്
- വെബ്സൈറ്റ് ഡെവലപ്മെന്റ്
- ജൂംല സി.എം.എസ്
- വേഡ്പ്രസ്സ്
- PHP ഡെവലപ്മെന്റ്
- വെബ് അഡ്വർറ്റയ്സ്മെന്റ്
- വെബ് ബാനർ
- ഫ്ളാഷ് ആനിമേഷൻ

script infow@ys

script infow@ys
Your Web Partner
Ernakulam

Phone: 0484-2592312. Mob: 9539378757
Email: info@scriptinfoways.com

## ആശാനക്ഷരമൊന്നുപിഴച്ചാൽ......

# മദ്യപാനിയും സ്വർഗ്ഗരാജ്യവും

ആത്മീയലോകത്ത് ഏറെ സ്വീകാര്യത നേടിയിട്ടുള്ള ദുർവ്യാഖ്യാനങ്ങൾ തിരുവചന വെളിച്ചത്തിൽ പഠനവിധേയമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് 'ആശാനക്ഷരമൊന്നു പിഴച്ചാൽ...' എന്ന ഈ പരമ്പര ആരംഭിച്ചത്. ദൈവവചനം ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ പംക്തി പ്രയോജനം ചെയ്യും.

ക്രിസ്മസ്സുമായി ബന്ധപ്പെട്ട തെറ്റിദ്ധാരണകളെക്കുറിച്ചാണു കഴിഞ്ഞ ലക്കത്തിൽ വിശദീകരിച്ചത്. മറ്റു ചില തെറ്റിദ്ധാരണകളെക്കുറിച്ച് ഈ ലക്കത്തിൽ പറയാം.

'ദൈവം ദുഷ്ടനെ പനപോലെ വളർത്തും' എന്നാണു ബൈബിൾ പറയുന്നത് എന്ന് ആർ.ബാലകൃഷ്ണപിള്ള രണ്ടു മാസം മുമ്പു പറയുകയുണ്ടായി. അങ്ങനെയൊരു വാക്യം ബൈബിളിലുണ്ടെന്നാണു മിക്കവരുടെയും ധാരണ. പക്ഷേ 'നീതിമാൻ പനപോലെ തഴയ്ക്കും' എന്നാണു ബൈബിളിലുള്ളതെന്നു ഭൂരിപക്ഷം പെന്തക്കോസ്തുകാർക്കും അറിയാം. 'വലത്തെ കള്ളനെപ്പോലെ ഞങ്ങളും ചൊല്ലുന്നു' എന്നു പറഞ്ഞു സമുദായക്കാർ പ്രാർത്ഥിക്കാറുണ്ട്. 'നല്ല കള്ളൻ' കർത്താവിന്റെ വലതുവശത്താണു കിടന്നത് എന്ന ധാരണയിൽ നിന്നാണ് ഇത്തരമൊരു പ്രാർത്ഥനയുണ്ടായത്. കർത്താവിന്റെ വലത്തും ഇടത്തും ഓരോ കള്ളൻമാരുണ്ടായിരുന്നു എന്നല്ലാതെ അവരിൽ ആരാണു മാനസാന്തരപ്പെട്ടതെന്നു ബൈബിൾ പറയുന്നില്ല.

തിരുവത്താഴത്തെക്കുറിച്ചു പറയുമ്പോൾ 'നിങ്ങൾ കൂടി വരുമ്പോഴൊക്കെയും ഇതു ചെയ്‌വീൻ' എന്നു കർത്താനു പറഞ്ഞു എന്നു ധരിച്ചുവച്ചിരിക്കുന്നവരുമുണ്ട്. ഇങ്ങനെയൊരു വാക്യം ബൈബിളിലില്ല എന്നു പറഞ്ഞാൽ മിക്കവർക്കും വിശ്വാസം വരില്ല.

ഞായറാഴ്ച നടക്കുന്ന യോഗത്തിന്റെ പേരെന്ത്? 'സഭായോഗം' എന്ന് ഏതു പെന്തക്കോസ്തുകാരനും പറയും പക്ഷേ ഞായറാഴ്ച നടക്കുന്ന യോഗത്തെ സഭായോഗമെന്നു ബൈബിളിൽ വിളിച്ചിട്ടുണ്ടോ? ഉണ്ടെന്നാകും മറുപടി. എവിടെ എന്നു ചോദിച്ചാൽ ''ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ട് സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിക്കുവാൻ അന്യോന്യം സൂക്ഷിച്ചുകൊള്ളുക'' (എബ്രാ.10:24) എന്ന വാക്യം ഉദ്ധരിക്കും. പക്ഷേ ഞായറാഴ്ച നടത്തുന്ന യോഗമാണു സഭായോഗം എന്ന് ഈ വാക്യത്തിലുണ്ടോ? സഭയുടെ യോഗമാണു സഭായോഗം. അത് ഏതു ദിവസവും നടത്താം. ഭൂരിപക്ഷം സഭകളിലും ആഴ്ചയിൽ മൂന്നോ നാലോ ദിവസം സഭായോഗം നടക്കാറുണ്ടല്ലോ.

ഞായറാഴ്ചത്തെ യോഗത്തിനു പ്രാർത്ഥിക്കുമ്പോൾ 'ഈ വിശുദ്ധദിവസത്തിന്റെ പകൽക്കാലം.....' എന്നു പറഞ്ഞു പ്രാർത്ഥിക്കുന്നവരുണ്ട്. ഞായറാഴ്ച വിശുദ്ധദിവസമാണെന്നു ബൈബിളിൽ എവിടെയാണു പറയുന്നത്? 'ഞായറാഴ്ച ശബത് അല്ലേ' എന്നു ചോദിക്കുന്നവരുണ്ടാകാം. 'അല്ല, ശനിയാഴ്ചയാണു ശബത്' എന്നാണ് അതിനുള്ള ഉത്തരം. പുതിയനിയമ വിശ്വാസികൾ ശബത് ആചരിക്കേണ്ടതില്ല. (ഈ വിഷയം തുടർന്നുള്ള ലക്കങ്ങളിൽ വിശദീകരിക്കാം). ഞായറാഴ്ചയ്ക്ക് വിശേഷിച്ചു വിശുദ്ധിയുള്ളതായി ബൈബിളിൽ കാണുന്നില്ല. പക്ഷേ സൂര്യദേവന്റെ ദിവസമായ ഞായറാഴ്ച (Sun-day) അവധിദിവസമായി പാഗൺ മതക്കാരും പിന്നീടു സമുദായക്കാരും ആചരിച്ചു പോന്നതുകൊണ്ട് ഭൂരിപക്ഷം രാജ്യങ്ങളിലും ഞായറാഴ്ച അവധിദിവസമാണ്. അതുകൊണ്ട് അന്നു സഭയുടെ പ്രധാന ആരാധന നടത്തുന്നു എന്നു മാത്രം. ഗൾഫ് രാജ്യങ്ങളിൽ വെള്ളിയാഴ്ചയാണ് അവധി. അതുകൊണ്ട് ഗൾഫിൽ വെള്ളിയാഴ്ച പ്രധാന ആരാധന നടത്തുന്നു. ഞായറാഴ്ച ജോലിക്കു പോകുന്നു.

'പത്തു കമ്പിയുള്ള വീണ' എന്നാൽ എന്ത്? അതു ചോദിക്കണോ? 'നമ്മുടെ കൈകൾ'. ഇത്തരമൊരു വ്യാഖ്യാനം നടത്താൻ കാരണമെന്ത്? 'കൈയിൽ പത്തു വിരലുകളുണ്ട്' എന്നാകും മറുപടി. കൈയിൽ മാത്രമല്ല കാലിലുമുണ്ടല്ലോ പത്തു വിരലുകൾ. കാലും വീണയാണോ? പത്തു കമ്പിയുള്ള വീണ എന്നത് പത്തു കമ്പിയുള്ള വീണതന്നെയാണ്. അതിനു വേറെ അർത്ഥമൊന്നുമില്ല. പാട്ടു പാടുമ്പോൾ താളം തെറ്റാതിരിക്കാൻ കൈയടിക്കുന്നതു നല്ലതാണ്. പക്ഷേ അതിനു വാക്യം കൂടിയേ കഴിയൂ എന്നു ശഠിക്കരുത്. ''ഉച്ചനാദമുള്ള കൈത്താളങ്ങളോടെ അവനെ സ്തുതിക്കുവിൻ; അത്യുച്ചനാദമുള്ള കൈത്താളങ്ങളോടെ അവനെ സ്തുതിക്കുവിൻ'' (സങ്കീ.150:5) എന്ന വാക്യത്തിലെ 'കൈത്താളം' cymbals ആണ്, കൈയ്യടിക്കുന്ന താളമല്ല. ഈ വാക്യം മറ്റു മലയാളം തർജ്ജമകളിലോ ഇംഗ്ലീഷിലോ നോക്കണം. ''നീതിമാന്റെ മരണം ഉറക്കം പോലെ'' എന്ന വാക്യം ബൈബിളിൽ എവിടെയാണുള്ളത്? സങ്കീർത്തനത്തിലാണോ? അതോ വെളിപ്പാടിലോ? അങ്ങനെയൊരു വാക്യം ബൈബിളിലില്ല.

ഇനി സുപ്രധാനമായ ഒരു ചോദ്യം: ''മദ്യപാനി സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ല'' എന്ന വാക്യം സകല പെന്തക്കോസ്തുകാർക്കും അറിയാം. സഭാഹാളുകളുടെ മതിലിൽ നാം ഇങ്ങനെ എഴുതിവയ്ക്കാറുണ്ട്. പരസ്യ യോഗങ്ങളിലും ആളാംപ്രതി വേലയിലും മറ്റും ഈ വാക്യം ഉദ്ധരിക്കാറുമുണ്ട്. അതുകൊണ്ടു ചോദിക്കട്ടെ, ബൈബിളിലെ ഏതു പുസ്തകത്തിലാണ് ഈ വാക്യമുള്ളത്? റഫറൻസ് പറയാമോ? സ്വർഗ്ഗരാജ്യമെന്നല്ല ദൈവരാജ്യമെന്നാണു ബൈബിളിലുള്ളത് എന്നു ചിലർ മറുപടി പറയും. അങ്ങനെയായാലും വേണ്ടില്ല, വാക്യമെവിടെ? ബൈബിൾ എത്രവട്ടം മറിച്ചാലും തിരിച്ചാലും ഇങ്ങനെയൊരു വാക്യം കണ്ടെത്താൻ പറ്റില്ല. കാരണം, പെന്തക്കോസ്ത് പാസ്റ്റർമാർ ഉണ്ടാക്കിയ വാക്യമാണിത്.

മദ്യപിക്കുന്നതിൽ തെറ്റില്ല എന്നാണോ പറഞ്ഞുവരുന്നത് എന്നു ചിലർക്കെങ്കിലും സംശയം തോന്നാം. അതുകൊണ്ടു പറയട്ടെ: രക്ഷിക്കപ്പെട്ടവർ (വീണ്ടും ജനനം പ്രാപിച്ചവർ) മദ്യപിക്കുകയില്ല. മദ്യപിക്കുന്നവൻ വീണ്ടും ജനിച്ചവനല്ല. വീണ്ടും ജനനം പ്രാപിക്കാതെ നിത്യജീവൻ അവകാശമാക്കുവാൻ കഴിയുന്നതുമല്ല.

കർത്താവിന്റെ കാലത്തെ പാലസ്തീൻ നാട്ടിൽ മദ്യപാനം എന്നത് ഗുരുതരമായ ഒരു പാപമായി പരിഗണിക്കപ്പെട്ടിരുന്നില്ല എന്നത് ഒരു വസ്തുതയാണ്. വിവാഹം പോലുള്ള ചടങ്ങുകളിൽ ലഹരിയുള്ള വീഞ്ഞ് വിളമ്പിയിരുന്നു. ചിലർ അളവിലധികം കുടിച്ച് ലഹരി പിടിക്കുകയും ചെയ്തിരുന്നു. സംശയമുള്ളവർ കാനാവിലെ കല്യാണത്തിന്റെ കഥ ശ്രദ്ധിച്ചു വായിക്കുക. വീഞ്ഞു തീർന്നു പോയപ്പോൾ ലഹരിയുള്ള വീഞ്ഞാണ് കർത്താവ് ഉണ്ടാക്കിക്കൊടുത്തതെന്നതും ശ്രദ്ധേയമാണ്.

നാം ചായയും കാപ്പിയും കുടിക്കുന്നതുപോലെ അക്കാലത്തുള്ളവർ വീഞ്ഞു കുടിച്ചിരുന്നു. എന്നാൽ അമിത ഭക്തിയുള്ള ചിലർ വീഞ്ഞ് പൂർണ്ണമായി ഒഴിവാക്കുകയും ചെയ്തിരുന്നു. പക്ഷേ അതു ചിലപ്പോൾ ഉദരരോഗങ്ങൾക്കും മറ്റും കാരണമാകുക പതിവായിരുന്നു. തിമൊഥെയോസ് അത്തരത്തിലുള്ള ഒരാളായിരുന്നു. അതുകൊണ്ടാണ് ''മേലാൽ വെള്ളം മാത്രം കുടിക്കാതെ നിന്റെ അജീർണ്ണതയും കൂടെക്കൂടെയുള്ള ക്ഷീണവും നിമിത്തം അല്പം വീഞ്ഞും സേവിച്ചു കൊള്ളുക'' (1തിമോ.5:23) എന്നു നിർദ്ദേശിക്കുന്നത്. ചായ കുടിച്ചു പരിചയിച്ചവർക്കു ചായ കുടിക്കാതിരിക്കുമ്പോഴുണ്ടാകുന്ന പ്രശ്നം പോലെയുള്ള ഒന്നാണിത്. ഈ വാക്യം മറയാക്കിക്കൊണ്ട് ഏതെങ്കിലും മലയാളി അല്പം മദ്യം കഴിച്ചാലോ? ഇതിനുള്ള ന്യായീകരണം അവതരിപ്പിക്കേണ്ടത് മനുഷ്യന്റെ മുമ്പിലല്ല എല്ലാം കാണുന്ന ദൈവത്തിന്റെ മുമ്പിലാണെന്നു മറക്കരുത്.

കർത്താവിന്റെ കാലത്ത് വീഞ്ഞു കുടിച്ചിരുന്നവരെ പ്രധാനമായി രണ്ടു ഗ്രൂപ്പായി തിരിക്കാം: നാം ചായയും കാപ്പിയും മറ്റും കുടിക്കുന്നതുപോലെ ഒരു പാനീയം എന്ന നിലയ്ക്കു വീഞ്ഞു കുടിക്കുന്നവരാണ് ഒരു കൂട്ടർ. അങ്ങനെയുള്ളവർ ലഹരി പിടിക്കാനായി കുടിക്കുന്നവരല്ല. ലഹരി പിടിക്കുന്നത്ര അളവിൽ കുടിക്കുകയുമില്ല. കർത്താവും ശിഷ്യൻമാരും ഈ വിധത്തിൽ വീഞ്ഞു കുടിച്ചിരുന്നു. നാം തിരുവത്താഴത്തിനു വീഞ്ഞുപയോഗിക്കുന്നത് അന്ത്യ അത്താഴത്തിൽ പോലും കർത്താവ് വീഞ്ഞുപയോഗിച്ചതുകൊണ്ടാണല്ലോ. ലഹരി പിടിക്കാനായി കുടിക്കുന്നവരാണ് രണ്ടാമത്തെ കൂട്ടർ. മദ്യപാനി എന്നു വിളിക്കുന്നത് ഇത്തരക്കാരെയാണ്. ഇവർ വീഞ്ഞു കുടിച്ച് മത്തരാകുന്നു. അത് ദുർന്നടപ്പിനു കാരണമാകുന്നു. മദ്യപ്രിയരായ ഇത്തരക്കാരെ ആത്മീയശുശ്രൂഷകരാക്കരുതെന്നു പൗലോസ് നിർദ്ദേശിക്കുന്നുണ്ടല്ലോ.

ഈ പറഞ്ഞ ന്യായങ്ങളൊക്കെ വച്ച് മലയാളികൾ ചെറിയ അളവിൽ മദ്യപിക്കാൻ ശ്രമിച്ചാൽ പ്രശ്നമാകും. ചായ, കാപ്പി തുടങ്ങിയവയേക്കാൾ വീര്യം കൂടിയ ലഹരിവസ്തുക്കൾ നമ്മുടെ നാട്ടിൽ നിത്യജീവിതത്തിന്റെ ഭാഗമായി ഉപയോഗിക്കുന്ന പതിവില്ല. മദ്യം ഏതളവിൽ ഉപയോഗിച്ചാലും അതു മദ്യപാനമായാണ് നാം കണക്കാക്കുന്നത്. അതുകൊണ്ട് ദൈവമക്കൾ മദ്യം വർജ്ജിക്കേണ്ടതാണ്.

ദൈവരാജ്യം അവകാശമാക്കാത്തവരുടെ പട്ടിക പൗലോസ് അവതരിപ്പിക്കുമ്പോൾ മദ്യപാനം എന്നതും ഉൾപ്പെടുത്തുന്നുണ്ട്. ''ജഡത്തിന്റെ പ്രവൃത്തികളോ ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ എന്നു വെളിവാകുന്നു; ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു ഞാൻ മുമ്പെ പറഞ്ഞതുപോലെ ഇപ്പോഴും നിങ്ങളോടു മുൻകൂട്ടി പറയുന്നു'' (ഗലാ.5:19-21). ഇക്കൂട്ടത്തിലുള്ള 14 എണ്ണം ഉപേക്ഷിച്ച് 'മദ്യപാനം' മാത്രം എടുത്ത് 'മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ല' എന്നൊരു വാക്യം നമ്മൾ ഉണ്ടാക്കി. എന്തുകൊണ്ട്? ബാക്കി 14 എണ്ണവും നമ്മുടെ കൈവശമുണ്ട്. അവകൂടി ഉൾപ്പെടുത്തിയാൽ നമ്മളും പുറത്താകും. പക്ഷേ ശരാശരി പെന്തക്കോസ്തുകാരൻ മദ്യപിക്കാറില്ല. അതുകൊണ്ടു മദ്യപാനം മാത്രമെടുത്ത് വാക്യമുണ്ടാക്കി വിലസുകയാണു നമ്മൾ. പ്രാവിനെപ്പോലുള്ള നിഷ്ക്കളങ്കത നമുക്കില്ലെങ്കിലും പാമ്പിനെപ്പോലുള്ള ബുദ്ധിയുണ്ടെന്നു വ്യക്തം.!

'ഇനി മിണ്ടിപ്പോകരുത്' എന്നു വിദഗ്ദ്ധസംഘം എഞ്ചിനീയറെ ശാസിച്ചു - വാർത്ത.






# സാം മാത്യു വധക്കേസ്: ഭാര്യയ്ക്കും കാമുകനും ജീവപര്യന്തം



സാം മാത്യു വധക്കേസിൽ ഭാര്യയ്ക്കും കാമുകനും ജീവപര്യന്തം കഠിനതടവ് ലഭിച്ചതായി ബിലിവേഴ്സ് ജേണൽ റിപ്പോർട്ട് ചെയ്യുന്നു. റാന്നി മന്ദമരുതി പനന്തോട്ടത്തിൽ പി.പി. മാത്യുവിന്റെ മകനും ഇൻഡോറിൽ റിയൽ എസ്റ്റേറ്റ് ബിസിനസുകാരനുമായിരുന്ന സാം മാത്യുവിനെ 2008 മാർച്ച് ഒന്നിനു കൊലപ്പെടുത്തിയതിനാണ് ഭാര്യ റെനിക്കും കാമുകനായ സണ്ണി മാത്യുവിനും കോടതി ജീവപര്യന്തം കഠിനതടവു വിധിച്ചത്.

ഇൻഡോറിൽ ഐ.സി.പി.എഫിന്റെ സ്റ്റാഫ് വർക്കറായിരുന്ന സണ്ണി മാത്യുവും സാം മാത്യുവിന്റെ ഭാര്യയായിരുന്ന റെനിയും തമ്മിലുള്ള അവിഹിത ബന്ധമാണ് സാം മാത്യുവിന്റെ കൊലയിൽ കലാശിച്ചത്. മോരിൽ വിഷം കലർത്തി നൽകി സാം മാത്യുവിനെ കൊല്ലാൻ റെനി ശ്രമിച്ചെങ്കിലും വിജയിച്ചില്ല. അതുകൊണ്ട് സണ്ണിയെ വിളിച്ചു വരുത്തുകയും ഇരുവരും ചേർന്ന് സാം മാത്യുവിന്റെ തലയ്ക്കടിച്ചു കൊല നടത്തുകയുമാണു ചെയ്തത്. അറസ്റ്റിലായ ഇവർ പിന്നീടു ജാമ്യത്തിലിറങ്ങി എറണാകുളത്തെത്തി. കള്ളക്കേസ്സിലകപ്പെട്ടു സകലതും നഷ്ടമായെന്നും ആത്മഹത്യയല്ലാതെ മറ്റു മാർഗ്ഗമില്ലെന്നും മറ്റും കള്ളക്കഥകൾ പറഞ്ഞു പരത്തി സഹതാപം നേടിയെടുത്ത ഇവർ ശാരോൻ സഭയിലെ വിശ്വാസികളുമായി. അത്യുഗ്രൻ പാട്ടും പ്രാർത്ഥനയും മറ്റുമായി കഴിഞ്ഞിരുന്ന ഇവരെ തിരിച്ചറിയാൻ ആർക്കും കഴിഞ്ഞില്ല. ആരെയും കണ്ണടച്ചു വിശ്വസിക്കരുതെന്നു ഡിഫെൻഡർ പലവട്ടം പറഞ്ഞിട്ടും മനസ്സിലാക്കാത്തവർ അനുഭവിച്ചറിയട്ടെ.




# മാതൃകാപരം ഈ പരസ്യം

ഗുഡ്ന്യൂസ് വീക്കിലിയുടെ ഡിസംബർ 19 ലക്കം മൂന്നാം പേജിൽ ''സുവിശേഷകനായ പാസ്റ്ററെ ആവശ്യമുണ്ട്'' എന്ന തലക്കെട്ടിൽ കണ്ട ഒരു പരസ്യമാണ് ഈ കുറിപ്പിന് ആധാരം. 90 കുടുംബങ്ങളുള്ള ഒരു ഐ.പി.സി സഭയ്ക്കു പാസ്റ്ററെ വേണം. 35-50 വയസ്സ് പ്രായം, സാമാന്യ വിദ്യാഭ്യാസം, നല്ല വചനപരിജ്ഞാനം, ശുശ്രൂഷാപരിചയം തുടങ്ങിയവ വേണം. തുടർന്നു പറയുന്ന കാര്യങ്ങളുടെ ചുരുക്കം (വളച്ചു കെട്ടാതെ പറഞ്ഞാൽ) ഇവയാണ്:

സഭയുടെ പ്രവർത്തന പരിധിക്കു പുറത്തേക്കുള്ള യാത്ര പരിമിതമായിരിക്കണം. കൺവൻഷൻ പ്രസംഗം, ഉപവാസപ്രാർത്ഥന, വിദേശപര്യടനം, വിവാഹം നടത്തൽ തുടങ്ങിയ കലാപരിപാടികളുമായി ഊരു ചുറ്റുന്നവരെ ഈ സഭയ്ക്കു വേണ്ട എന്നു മനസ്സിലാക്കാം.

പ്രവൃ.5:42ൽ പറയുന്നതുപോലെ ഭവനസന്ദർശനം നടത്തുക, സുവിശേഷം അറിയിക്കുക തുടങ്ങിയവ ചെയ്യണം. രണ്ടാഴ്ചയിൽ ഒരിക്കലെങ്കിലും സഭാംഗങ്ങളുടെ വീടുകളിൽ സന്ദർശനം നടത്തണം. അപ്പോൾ സമീപത്തുള്ള പത്തു വീടുകളിലെങ്കിലും കയറി സുവിശേഷം പറയണം. രണ്ടാഴ്ചയിലൊരിക്കൽ 90+900 വീടുകളിൽ ഒരാൾക്കു കയറാൻ പറ്റില്ലല്ലോ. അതുകൊണ്ട് അസോഷിയേറ്റ് പാസ്റ്റർമാരെയും നിയമിക്കും.

കഴിഞ്ഞ കാലങ്ങളിൽ ശുശ്രൂഷിച്ച സഭകളിൽ ഇങ്ങനെ പ്രവർത്തിച്ചു പരിചയമുള്ളവർ അപേക്ഷിച്ചാൽ മതി.

പച്ച മലയാളത്തിൽ പറഞ്ഞാൽ സംഗതി കലക്കി. സെന്റർ പാസ്റ്റർ നിശ്ചയിക്കുന്ന പാസ്റ്ററെയോ കുമ്പനാട്ടുനിന്ന് അധികാരപത്രം വാങ്ങിയെത്തുന്ന വിരുതനെയോ സ്വീകരിക്കാതിരിക്കാൻ ധൈര്യം കാണിക്കുന്നു എന്നത് പ്രശംസനീയമാണ്. സ്ഥലം സഭയുടെ സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കുന്ന ഈ നിലപാട് അനുകരണീയം തന്നെ. മാത്രമല്ല, സഭയിലെ ശുശ്രൂഷകൾ അവഗണിച്ച് ഉലകപര്യടനം നടത്തുന്ന പാസ്റ്ററെ വേണ്ടെന്നു തീരുമാനിച്ചതും നന്നായി. ഭവന സന്ദർശനത്തിന്, വിശേഷിച്ചും അവിശ്വാസികളുടെ ഭവനങ്ങൾ സന്ദർശിച്ചു സുവിശേഷം അറിയിക്കുന്നതിന്, നൽകുന്ന പ്രാധാന്യവും അനുകരണീയമായ മാതൃകയാണ്. മറ്റു പെന്തക്കോസ്ത് സഭകളും ഈ രീതി പിൻതുടർന്നാൽ പെന്തക്കോസ്ത് നന്നാകും.

# മരിച്ചവരെ ഉയിർപ്പിച്ചവൻ തൃശൂരിലെത്തുന്നു

മരിച്ചവരെ ഉയിർപ്പിക്കുക എന്നതു ചെറിയ കാര്യമാണോ? അല്ലെന്നു തീർച്ച. മരിച്ച ഒരാളെയെങ്കിലും ഉയിർപ്പിക്കുക എന്നത് അത്യപൂർവ്വമായി മാത്രം നടക്കുന്ന കാര്യമാണ്. അങ്ങനെയെങ്കിൽ പത്തുപേരെ ഉയിർപ്പിക്കുക എന്നത് എത്രത്തോളം വലിയ സംഗതിയാണെന്നു വ്യക്തമാണല്ലോ. അങ്ങനെയാരും ഈ ഭൂമിയിലുണ്ടാകില്ല എന്നാണു നിങ്ങൾ പറയുന്നതെങ്കിൽ തെറ്റി. കാരണം, അത്തരത്തിലുള്ള ഒരാൾ കർണ്ണാടകയിലുണ്ടെന്നു മാത്രമല്ല ഈ വിരുതൻ 2012 ജനുവരി 22 മുതൽ ചില ദിവസങ്ങൾ തൃശൂരിൽ ഉണ്ടായിരിക്കയും ചെയ്യും. ഉയിർക്കാൻ മോഹമുള്ള ശവങ്ങൾക്ക് ഇദ്ദേഹത്തെ നേരിൽ കണ്ട് ഉയിർക്കാം. എന്താ, വിശ്വാസം വരുന്നില്ലേ? എങ്കിൽ വിശ്വസിക്കണം. ഉയിർപ്പിക്കൽ വീരന്റെ പേര് പാസ്റ്റർ സന്തോഷ് മോഹൻ പി. ഗൗഡ. മുൻപ്രധാനമന്ത്രി ദേവഗൗഡയുടെ അടുത്ത ബന്ധുവാണത്രേ ഈ മാന്യദേഹം. നാളിതുവരെ പത്തുപേരെ ഇയാൾ ഉയിർപ്പിച്ചിട്ടുണ്ട്. ജനുവരി 22 മുതൽ 29 വരെ ശക്തൻ നഗറിൽ നടക്കുന്ന 'ജീവശബ്ദം 2012' എന്ന കൺവൻഷന്റെ ആദ്യ ദിവസങ്ങളിൽ ഇയാൾ മരിച്ചവരെ ഉയിർപ്പിക്കും. ശവങ്ങൾക്കു സ്വാഗതം. (സംഘാടകർ ഇയാളെ സെമിത്തേരികളുടെ അടുത്തെങ്ങാനും കൊണ്ടു പോകരുത്. കേരളം ഇപ്പോൾത്തന്നെ ജനപ്പെരുപ്പംമൂലം വീർപ്പുമുട്ടുകയാണ്).

# ദൈവാത്മാവിനു പ്രസംഗകൻ പ്രവേശനാനുമതി നൽകി

ദൈവാത്മാവിന് ഒരു വ്യക്തിയുടെ ഉള്ളിലേക്കു കടന്നു വരാൻ ആരുടെയെങ്കിലും അനുവാദം വേണോ? തീർച്ചയായും വേണം. ആരുടെ ഉള്ളിലേക്കാണോ വരുന്നത് ആ വ്യക്തിയുടെ അനുവാദം വേണം. ആരുടെയും വ്യക്തിസ്വാതന്ത്ര്യത്തിൽ ദൈവം ഇടപെടുകയില്ല. ദൈവത്തെയോ സാത്താനെയോ തിരഞ്ഞെടുക്കാൻ എല്ലാ മനുഷ്യർക്കും അനുവാദമുണ്ട്. പക്ഷേ ഒരാളുടെ ഉള്ളിലേക്കു പരിശുദ്ധാത്മാവിനു കടന്നുവരാൻ മറ്റാരുടെയും അനുവാദം വേണ്ട.

ഈ കാര്യങ്ങളൊക്കെ ഇവിടെ പറയാൻ കാരണമുണ്ട്. ഈയിടെ ഒരു അദ്ഭുതവീരൻ പരിശുദ്ധാത്മാവിനു മറ്റൊരാളിലേക്കു കടന്നുചെല്ലാൻ അനുവാദം നൽകി ചരിത്രം സൃഷ്ടിച്ചു. സംഭവം ചുരുക്കി പറയാം: അദ്ഭുതകുമാരൻ പ്രസംഗവും രോഗശാന്തിയും പൊടിപൊടിക്കുകയാണ്. ഒരു സ്ത്രീക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനിടയിൽ കുമാരൻ അവരോടു പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ ആവശ്യപ്പെട്ടു. രോഗശാന്തി കിട്ടുമെങ്കിൽ ഏതാത്മാവിനെയും സ്വീകരിക്കാമെന്ന് അവർ പറഞ്ഞു. ഉടൻ അദ്ഭുതവീരൻ പരിശുദ്ധാത്മാവിനോട് ഇപ്രകാരം പറഞ്ഞു: ''പരിശുദ്ധാത്മാവേ, ഈ സ്ത്രീയുടെ ഹൃദയത്തിലേക്കു കടന്നുവരാൻ ഞാൻ നിനക്ക് അനുവാദം തരുന്നു''.

# കിക്കോഫ് കിക്കൗട്ട് ആകുമോ

ഐ.പി.സി ഫാമിലി കോൺഫ്രൻസ് ഡിസംബർ 11ന് ന്യൂയോർക്കിൽ കിക്കോഫ് ചെയ്തതായി അറിഞ്ഞു. നല്ലത്. പക്ഷേ സൂക്ഷിക്കണം. തട്ടിപ്പുവീരനായ ജയിംസ് ജോർജാണ് നാഷണൽ കൺവീനർ. അതുകൊണ്ട് എന്തും സംഭവിക്കാം. കോൺഫ്രൻസ് കിക്കോഫിൽ തുടങ്ങി കിക്കപ്പിലൂടെ കിക്കൗട്ടിലെത്തിയേക്കാം.

# യോംഗിചോയുടെ ദുരുപദേശങ്ങൾ

യോംഗിചോ അബുദാബിയിൽ എത്തുന്നു. 2012 ഫെബ്രുവരി 16, 17 തീയതികളിൽ അബുദാബി ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് യോംഗിചോയുടെ പരിപാടി നടക്കുന്നത്. ഇത്തരം കുണ്ടാമണ്ടികളുടെ സ്ഥിരം സംഘാടകനായ ആർ.ഏബ്രഹാമാണ് ഈ പരിപാടിക്കും നേതൃത്വം കൊടുക്കുന്നത്.

ഭൗതിക നൻമകൾ വാഗ്ദാനം ചെയ്യുന്ന സമൃദ്ധിയുടെ സുവിശേഷത്തിന് ലോകമെമ്പാടും നല്ല സ്വീകരണം ലഭിച്ചുകൊണ്ടിരിക്കയാണ്. യോംഗിചോയും ഇത്തരത്തിലുള്ള സുവിശേഷം പ്രസംഗിക്കുന്ന ആളാണ്. ഗുരുതരമായദുരുപദേശങ്ങളാണ് യോംഗിചോ പഠിപ്പിക്കുന്നതെങ്കിലും ദൈവവചനത്തിൽ നിന്നുള്ള ഉദ്ധരണികൾ പുട്ടിനു പീരപോലെ ഇടുന്നതിനാൽ സത്യോപദേശങ്ങളായി തെറ്റിദ്ധരിക്കപ്പെടുന്നു. അങ്ങനെ ഈ സാത്താന്യ ഉപദേശം ലോകമെമ്പാടും സ്വീകാര്യത നേടുന്നു. ഉണർവ്വു പ്രസംഗകരായി അറിയപ്പെടുന്ന ഭൂരിപക്ഷം വീരൻമാരും യോംഗിചോയുടെ ദുരുപദേശമാണു പ്രസംഗിക്കുന്നത്. ഒന്നര മാസം കഴിയുമ്പോൾ ഗൾഫിലുള്ള സാധുക്കൾ ഒരിക്കൽക്കൂടി യോംഗിചോയുടെ ദുരുപദേശം കേൾക്കും, ആയിരങ്ങൾ വഞ്ചിക്കപ്പെടും.



ഡിഫെൻഡറിൽ ഒന്നോ രണ്ടോ ലേഖനം പ്രസിദ്ധീകരിച്ചതുകൊണ്ടു പരിഹരിക്കാവുന്ന പ്രശ്നമല്ലിതെന്നറിയാം. എങ്കിലും ലേഖനം പ്രസിദ്ധീകരിക്കാനല്ലേ ഡിഫെൻഡറിനു കഴിയൂ. ഈ ലക്കത്തിൽ www.twelvetribes-ex.com/?page_id=2126 എന്ന വെബ്പേജിൽ കണ്ട ഒരു ലേഖനം അതേപടി പ്രസിദ്ധീകരിക്കുകയാണ്. കൂടുതൽ ലേഖനങ്ങൾ അടുത്ത രണ്ടു ലക്കങ്ങളിൽ പ്രസിദ്ധീകരിക്കുന്നതാണ്.

Paul Yonggi Cho is the "pastor" of the world's largest Protestant church (Assemblies of God), the 850,000-member Yoido Full Gospel Church in Seoul, South Korea. (The 11/92 Charisma reports that, after a family spat, Paul Yonggi Cho changed his name to "David.") Cho's teachings are an idolatrous mix of a little Biblical teaching with a lot of occult healing, prophesying, visualization, sorcery, and pagan mind techniques. Cho teaches that Christians can get anything they want by calling upon the spirit world in the "fourth dimension" and envisioning (visualizing) their felt needs, no matter how crass and gross. Cho teaches that positive thinking, positive speaking, and positive visualization are the keys to success, and that anyone can literally "incubate" and give birth to physical reality by creating a vivid image in his or her mind and focusing upon it.

The pastor, David Yonggi Cho, is very popular around the world. He teaches that God promises healing and prosperity for every believer. In fact, he considers this as part of the gospel. The church's web site presents a 'five fold gospel' –

The gospel of regeneration,
The gospel of the fullness of the Holy Spirit,
The gospel of divine healing,
The gospel of blessing, and
The gospel of the advent.

The Yoido Church web site says, 'Full Gospel faith not only accepts the Gospel of salvation which Christ made complete as He was resurrected from the dead, but also believes in the release from physical illness and salvation for the cursed life.' By adding to the one true gospel of the death, burial, and resurrection of Christ, [Cho] is preaching a false gospel. In 1 Cor. 15:1-4, Paul clearly stated the gospel that he preached, and it is the death, burial, and resurrection of Christ for our sins. Paul warned that if someone adds to or changes this gospel, they are cursed of God (Galatians 1). These are fearful words.

The following is a summary of Cho's teachings

**(a)** There are two main erroneous areas in Cho's Bibliology: the extent of revelation and the method of interpretation. Cho subscribes to an impossible position — the mutually exclusive view of the close of the canon and the view of the continuity of special revelation. In so doing, he undermines the authority and the sufficiency of God's Word. Cho's method of interpretation is so allegorical, arbitrary, and subjective that he virtually distorts Biblical truths and textual meanings.

**(b)** In the Doctrine of God, Cho's man-centered philosophy causes him to deviate from the Biblical teaching in the areas of God's goodness, God's will, and God's sovereignty. When he insists that God's will for His children is prosperity and health, he disregards the clear Scriptural teaching regarding Christian suffering and contentment. Cho organizes his teaching around a man-centered theology when he asserts that God cannot do anything unless man cooperates with Him. Thus, he seriously undermines God's sovereign will, power, and position.

**(c)** The three major fallacies of Cho's Pneumatology (Doctrine of the Holy Spirit) lie in the work, baptism, and gifts of the Holy Spirit. Cho's teaching of the work of the Holy Spirit is closely related to pantheism. By insisting that man can obtain and manipulate the power of the Holy Spirit, Cho, at best, repudiates the sovereignty of the Spirit and threatens His personality; at worst, he virtually dabbles in occultism.

**(d)** In Soteriology, Cho's teachings on the nature of the Gospel and the doctrine of faith have departed from the truth. He insists that the Gospel includes more than the forgiveness of sins. Cho's view on faith is rather radical since he believes that a "usable" faith will definitely experience miracles. For Cho, if there is no miracle, there is no faith.

**(e)** With respect to the Doctrine of sin, Cho overlooks man's sin nature when he insists that man is able to attain his own unlimited potential, simply by exercising a positive attitude, which includes imagination and thinking. This concept ignores the Apostle Paul's teaching that emphasizes that even the believer cannot escape the conflict between his old sinful nature and new nature (Rom. 7:15-24). For Cho, human sin is substituted with human disorders.

**(f)** Cho's Doctrine of angelology is based on his theory of the "fourth dimension," a concept which ultimately leads him into dualism and occultism. He believes that the evil fourth dimension is able to do what God does. Cho also confuses demonic influence with demonic possession, insisting that all unsaved persons are possessed or indwelt by demons. Cho also attributes all sins and sicknesses to the devil.

**(g)** Cho claims that if there is no visualization, there will be no church growth. He insists that every minister needs to have visualization, the process in a person's mind through which pictures in visions or dreams bring about miracles and powers. This method, however, is not only unbiblical, it is the most powerful occult technique known, having been practiced by shamans and witchdoctors for thousands of years. First, its foundation is unbiblical because Cho misinterprets Bible verses to fit his peculiar theory. He also ignores God's warning regarding the dangers and deceitfulness of dreams and visions (Deut. 13:1-5; Jer. 23:25-32; 27:9-10). Second, it is an unsound practice since it relies on the human mind and is related to the occult. Hence, the Scripture condemns the practice. Third, it is biased because Cho relies on his own interpretation of Biblical examples and his personal experiences.

**(h)** Divine healing is another method which Cho uses to generate church growth, claiming this is the most essential element. This is unbiblical for many reasons. First, it rests on a false premise. The Bible shows explicitly that healing or miracles do not necessarily bring a person to the saving knowledge of Christ (cf. Matt. 9:22-25,32-34; 11:20-24; Acts 4:5-22). Second, it fosters wrong motivation since it encourages the crowd to come to church with ulterior motives. Third, it obscures the true purpose of healing, which in the Bible authenticates the messiahship of Christ and the apostleship of apostles. Finally, Cho's concept conceals the true nature of healing since he confuses functional disorders with organic illnesses. Furthermore, contrary to the Biblical pattern, Cho fails to "heal" some (all?) who desire healing.

**(i)** Cho teaches that prayer will definitely alter the material world and lead to church growth, but he fails to realize that true prayer does not necessarily demand the changing of circumstances or the material world for man; rather, it requires the changing of the attitude of the believer and the submission of his will to God's will.

Cho tells us how he prayed for his needs: "I ordered these things in such articulate terms that God could not make a mistake in delivering them. Then I felt faith following up …" Cho says that the Lord never welcomes vague prayers, and goes on to teach that the believer gets these specific requests supplied by visualizing them and then bringing them into existence by faith! Here is the point at which charismatic development leaves Christianity and crosses into the territory of paganism.

He teaches the need for a vivid mental picture coupled with a burning desire and a firm conviction that the goal is already accomplished. Cho calls this process: visualizing the goal, then incubating it into reality by strength of faith -- or would it be will-power? He teaches that believers may order up wealth and success; anything they want as long as it is moral. The key to getting these things is the art of fantasizing them, because God cannot bring them into being unless the individual incubates the image.

Though Cho attempts to give some Biblical justification for his ideas, he tells us that he obtained them in the first place because God communicated them directly to him. He claims that God spoke to him describing the material world as belonging to the third dimension. God supposedly told Dr. Cho that because all human beings are spiritual beings (as well as physical beings) they have the fourth dimension in their hearts, and by developing the art of concentrating visions and dreams in their imaginations, they can influence and change the third dimension (material things) just as the Holy Spirit did when He brooded over the primeval earth. According to Cho, God told him that Buddhist and yoga adherents worked "miracle" cures because they explored and developed their human fourth-dimensional power, imagining mental pictures of health and willing them into their bodies. God told him that all human beings had the power to exercise legitimate dominion over the material world through this fourth-dimensional activity.

Cho's teaching is a system of mind over matter (or rather, imagination over matter). He frankly admits that it is a Christianized version of precisely the same methods practiced by Buddhists, exponents of yoga, and the followers of other pagan, mystical, and occult systems. The only difference is that their fourth-dimensional power receives co-operation from the devil, while that of Christians supposedly receives help from the Holy Spirit. He says that so long as we keep our minds from foolish and wrong ideas, we shall keep the canvas of our imagination clean for the Holy Spirit to paint on it the things we are to have. (Cho says that his massive church grew to its present size, and continues to grow, because he follows this principle of visualization. He first imagines his church growing to a certain figure, and he then visualizes all the faces and incubates the vision into reality.) Cho teaches that all Christians should aim to prosper in body, soul, and spirit, and their success and failure in this is due entirely to their success or failure in visualizing.

Absolute confidence in ideas which spring into the mind as "desires" is a characteristic of Dr. Cho. Faith, according to this teaching, is not merely trusting that God will do those things which He has promised to do in His Word. Faith is redefined as having absolute trust in desires which come subjectively into one's mind, for these ideas or desires are assumed to be direct communications from God. We must, therefore, develop unshakeable confidence in them. If we take these

**Continued ........next page...**

# യോംഗിചോയുടെ ദുരുപദേശങ്ങൾ.........

**Continued from page No.10**

ideas and imagine and incubate them into reality, then we are promised "miracles," and these should be our lifelong experience. Cho's focus is on the so-called "subconscious" mind. Possibility thinking, positive confession and affirmations, self-esteem messages, imaging, "inner healing," and visualization all branch from the family tree of reprogramming the invisible subconscious mind. True believing, Cho says, does not take place in the conscious mind but rather in the subconscious. Similarly, positive confession, affirmations, and visualization "create reality" for the subconscious mind. "Inner healing" works on the basis that healing takes place through reprogramming the subconscious mind with a "positive" experience. It substitutes for forgiveness of a "negative" experience. According to Cho, there is a three-step formula necessary to program the subconscious and get your "prayers" answered. Step 2 is "creative prayer" in order to spiritually "picturize until the picture comes to pass." Cho calls this spiritual picturizing "incubation: a law of faith." (Cho claims to have taught an "older spinster" to order her husband from God through visualizing her desires for a tall, skinny, musical, Caucasian school teacher.)

Cho's theology begins with the subconscious mind. It ends with God and Cho switching roles. Cho describes the obedience of the Holy Spirit to his will: "… I can go into the fourth dimension of the Holy Spirit, and I tell Him what is needed in my church in Korea, and He carries out the work" (The Fourth Dimension, p. 49). [Jesus' attitude was quite the opposite, "nevertheless not as I will, but as thou wilt" (Matthew 26:39).] Cho has authored a rebellious gospel that is identical to the New Age gospel of men becoming co-creators with God.

Cho's visualization theology will serve anti-Christianity. Here is how he develops it: (All quotes from The Fourth Dimension, pp. 36-47.)

Man's spirit is his subconscious mind which includes the imagination.

The subconscious is in the spiritual fourth dimension.

The fourth dimension (home of the spirit/subconscious) contains both good and evil, and controls, creates, and "incubates" the third dimension natural realm.

Any man's spirit or subconscious, Christian or non-Christian, can be developed to control the natural world and "carry out dominion" upon their third dimension circumstances (e.g., "visualize a bike, get a bike").

To accomplish this, the human spirit/subconscious must join up with the spirit of either the evil fourth dimension or the good fourth dimension. Thus, Buddhists possess the identical subconscious powers as Christians.

"God then taught me," writes Cho, "that since we can link our spirit's fourth dimension to the fourth dimension of the Holy Father — we can have all the more dominion over circumstances … we can exercise great control and power over the third dimension."

We "incubate" the subconscious through our imaginations and visualization. Thus, "only through a vision and a dream can you visualize and dream bigger churches."

"The Holy Spirit comes to cooperate with us" to create through our imagination and visualization. The Holy Spirit then begins "to carry out dominion."

Cho justifies this theology by adding to Scripture. The Abrahamic Covenant was confirmed in Genesis 15:5: He took him outside and said, Look up at the heavens and count the stars — if indeed you can count them. Then he said to him, So shall your offspring be. The Bible tells us (Genesis 15:6) Abraham believed the Lord, and he credited it to him as righteousness. Cho's version is quite different. Abram "was struck with emotion … he saw all the stars changing into the faces of his descendants, and once again shouting, 'Father Abraham!' Those pictures came to his mind again and again, and became his own dreams and pictures. Those pictures immediately became part of his fourth dimension, in the language of spiritual visions and dreams. These visions and dreams carried dominion over his one-hundred year-old body, and it was soon transformed as if it were like a young body" (The Fourth Dimension, p. 48). Simple trust in God (Genesis 15:6) has been altered to trust in visualization and the occult. Cho's mystical foundation is built upon the sands of Sigmund Freud's and Carl Jung's subconscious mind rather than the rock of Jesus Christ (1 Cor. 3:11). The Word of God tells us man's imagination is vain (Rom. 1:21), turned against God (2 Cor. 10:15), evil from his youth (Genesis 8:21), and connected with evil and pride (Jer. 18:12; Luke 1:51). "Fourth Dimension theology," claiming the spirit is the subconscious and imagination, incorrectly concludes that the born again spirit means a born again imagination. Visualization and the "creative forces of the subconscious mind" must therefore be of God. Instead of Biblically renewing the conscious mind with the Word of God, Cho teaches that we are to reprogram the "subconscious" and thus create through affirmations and imaging.

Jeremiah 23:16 says: "This is what the Lord Almighty says: 'Do not listen to what the prophets are prophesying to you; they fill you with false hopes. They speak visions from their own minds, not from the mouth of the Lord.'" Cho says: "The subconscious is your spirit … you may wonder how we can incubate our subconscious … the only way for us to incubate is through our imaginations, through our visions and our dreams … visions and dreams are the language of the fourth dimension, and the Holy Spirit communicates through them. Only through a vision and a dream can you visualize and dream bigger churches (The Fourth Dimension, pp. 42-44).

The fruits of the "fourth dimension" seem to be "revealed secrets for answered prayer and church renewal." The roots, however, reveal a gospel linked to the occult. Cho's doctrine of creating through our imaginations is one more building block on the faulty foundation supporting positive confession and the power of the mind. Those who accept Cho's mind power "secrets" are enslaving themselves to Satan rather than submitting to the Holy Spirit. The "fourth dimension" claims to prepare believers to exercise dominion over the "third dimension" material world. Instead, it is actually preparing an apostate church to serve the false christ.

New Age theology promotes the "collective unconscious," where all human beings possess a common psychic structure. It is through the subconscious mind that the "collective unconscious" of humanity creates good or evil. "Evil thought forms" should be replaced by positive thoughts which release "energy" to shape a new positive consciousness. It is up to us as individuals to visualize, focus, and direct this energy. We are told that sin in our hearts is not the problem, but is "incorrect thinking." We have unlimited potential in our minds to redirect "consciousness." Transformation into a New Age occurs when humanity collectively unifies in positive thought. Since the "fourth dimension" creates the third dimension material world, collective positive visualization can create a New Age of love, peace, and harmony.

Cho has a Christian version: "One of our greatest problems as humans is our self-image. We don't realize what a capable creation we are … According to the Creator, man is only limited by his imagination. The imagination is that part of man's mind that creates the pictures which give context to his actions … The great hindrance to man's potential is in his separation [from each other] … As the confusion of languages at the Tower of Babel separated man, so also the unity of languages at Pentecost brought man together." Cho explains that we now have been given the Holy Spirit, and thus limits to our imagination have been lifted. Thus, the unification of Christians' imaginations "leads to a great future of unlimited potential here in this world and in the world to come" (Cho, The Leap of Faith, pp. 15-17).

[In Diakrisis (Summer, 1992 issue -- a scholarly journal published in London, England) was an article titled: "Socerous Apprentices, Testing the Spirits of a Church Bewitched." It is a thorough treatment of New Age thought invading the professing Christian Church. The Diakrisis article gives extensive examples of Cho's occult language and parallels in occult textbooks.]

Occultists were the world's first and only scientists for thousands of years. To work their sorcery through the "laws of manifestation," occultists have always used three scientific techniques: positive thinking, positive speaking, and visualizing. Though all three are now accepted and used in the professing evangelical church, no one has promoted these occult teachings as successfully as Cho. Of positive speaking (confession), Cho declares: "You can create the presence of Jesus with your mouth … He is bound by your lips and by your words …" As for visualization, the most powerful occult technique, Cho writes, "Through visualization and dreaming, you can incubate your future and hatch the results." In the foreword to Cho's best-known book, The Fourth Dimension, Robert Schuller writes of visualization, "Don't try to understand it. Just start to enjoy it! It's true. It works. It tried it. Thank you — Paul Yonggi Cho — for allowing the Holy Spirit to give this message to us and to the world."

(Cho himself admits that his message of hope always exalts people and focuses solely on prosperity, health, and problem-free life. This teaching prompts the deceitful message of selfism, advocating the dangerous message of uplifting man through self-love/self-esteem/self-worth.)

A trait of Korean Christianity is the tendency to see Christianity as a path to material prosperity. That tendency is a residue of shamanism, the native folk religion in Korea and other northeast Asian countries for centuries. In Shamanism, you ask the shaman (a sort of medicine man or woman) to intercede with the spirits to ensure your health or business success. There is in Korean shamanism a great spirit, above the other spirits, who couldn't be contacted by the shamans. That helped Christianity get off the ground, says David Susan, a Lutheran missionary, because "when the early Christian missionaries came and said, 'There's an almighty God who judges you at your death,' Koreans said, 'Ah, yes, we've heard of that god before.'" But in a sense, it made Christianity too easy for Koreans to accept. Many Korean professing Christians still consider the gods of shamanism and the God of Christianity kindred spirits.

The religious disposition of the Koreans is both harnessed and exploited by the "Christianity" of Paul Yonggi Cho in his blatant mix of sorcery, mind-over-matter, self-interest, Sinkyo, Japanese Buddhism, and Christianity. But to mix pagan ideas and practices with the pure religion of Christ is condemned in Scripture as the heinous sin of idolatry. It is a marriage of Christianity and the occult, and is forbidden by Paul's words: What communion hath light with darkness? And: What agreement hath the temple of God with idols?

What has built the largest church in the world? The answer is an idolatrous mixture of Biblical teaching and pagan mind-techniques. God is deprived of His sovereignty in the believer's affairs, and the authority of Scripture is replaced by the authority of supposedly direct messages from God and the produce of the imagination (Peter Masters, The Healing Epidemic, p. 35).

## 'മരിച്ചവർ എവിടെ' സ്റ്റോക്കില്ല

'മരിച്ചവർ എവിടെ' എന്ന പുസ്തകം വിറ്റുതീർന്നു. അതുകൊണ്ട് ഇനി ഒരു അറിയിപ്പുണ്ടാകുന്നതുവരെ ഈ പുസ്തകത്തിനുവേണ്ടി പണം അയയ്ക്കരുത്. നാല് എഡിഷനുകളിലായി 10,000 (പതിനായിരം) കോപ്പികൾ അടിച്ചെങ്കിലും ആവശ്യക്കാർക്കെല്ലാം കൊടുക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് അഞ്ചാം പതിപ്പ് കഴിയുന്നത്ര വേഗം പുറത്തിറക്കുന്നതാണ്. ഈ പുസ്തകത്തിന്റെ പി.ഡി.എഫ്. ഡിഫെൻഡറിന്റെ വെബ്സൈറ്റിൽ നിന്നു ഡൗൺലോഡ് ചെയ്യാം. 'അടിസ്ഥാന വേദോപദേശങ്ങൾ' എന്ന പുസ്തകം തുടർന്നും ലഭിക്കുന്നതാണ്.

RNI No. 68089 / 97
2012 January 1

THE DEFENDER

REGISTERED
KL/ALY/0031/2012-2014

# പെന്തക്കോസ്ത് മാമോന്റെ പിടിയിൽ

“ഉള്ളതു പറയുമ്പോൾ കള്ളിക്കു തുള്ളൽ വരും” എന്നൊരു ചൊല്ലുണ്ട്. ഏതെല്ലാം കള്ളികളും കള്ളൻമാരും തുള്ളിയാലും റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ സത്യം പറയും. അതുകൊണ്ട് നിങ്ങൾ തുള്ളാൻ തയ്യാറായിക്കൊള്ളൂ.

ദൈവത്തിന്റെ സ്വന്തം സഭകൾ എന്നു കരുതപ്പെടുന്ന പെന്തക്കോസ്ത് സഭകൾ ഇപ്പോൾ ദൈവത്തിന്റെ പ്രഖ്യാപിത ശത്രുവായ മാമോന്റെ പിടിയിലാണ് എന്ന സത്യം വളച്ചുകെട്ടാതെ പറയട്ടെ. (തുള്ളൽ സ്റ്റാർട്ട് ചെയ്യാം, ഓഛേ!). ഏറ്റവും വലിയ സഭയുടെ ഏറ്റവും വലിയ നേതാവു മുതൽ ഛോട്ടാ സഭയുടെ ഛോട്ടാ നേതാവുവരെ മാമോന്റെ ദാസൻമാരായിത്തീർന്നിരിക്കുന്നു. (ദൈവദാസൻമാരുടെ ഒരു ചെറിയ ശേഷിപ്പ് അവശേഷിക്കുന്നുണ്ട് എന്നതു മറക്കുന്നില്ല.) പണമുള്ളവന് ഓർഡിനേഷൻ വാങ്ങി റവയാകാം. കൺവൻഷൻ പ്രസംഗകനാകാം. ഇലക്ഷനിൽ ജയിച്ച് സഭാനേതാവുമാകാം. നേതാവായാൽ ഓർഡിനേഷൻ കച്ചവടം, വിവാഹശുശ്രൂഷ നടത്തൽ, കൺവൻഷൻ പ്രസംഗം, വിദേശപര്യടനം തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ പണം വാരിക്കൂട്ടാം.

മുപ്പത്തഞ്ചു വയസ്സിൽ താഴെ പ്രായമുള്ളവന് 70 വർഷത്തെ ആത്മീയ പാരമ്പര്യമുണ്ടത്രേ. എങ്ങനെ? വല്യപ്പൻ പാസ്റ്ററായിരുന്നു. മേല്പടി തഴമ്പ് കൊച്ചുമോന്റെ ആസനത്തിൽ ഇല്ലാതെ വരുമോ? ഇല്ലെങ്കിലും ഉണ്ടെന്നു ഭാവിക്കാം. ആരും ആസനനിരീക്ഷണത്തിനു വരില്ലല്ലോ. ദശാംശം വാങ്ങുന്നവനായ ലേവി അബ്രഹാമിലൂടെ ദശാംശം കൊടുത്തു എന്ന ന്യായവും വാദത്തിനായി അവതരിപ്പിക്കാം. പക്ഷേ പ്രസംഗം കേട്ടു ബോറടിക്കുന്ന ജനം ‘പശുവിനെ മിനക്കെടുത്താൻ മുതുകാള കൂടിയേ കഴിയൂ എന്നില്ല’ എന്ന് ആത്മഗതം ചെയ്യുന്നതൊഴിവാക്കാൻ പറ്റുമോ മാളോരേ?

> പത്രൊസ് അവനോട്: ദൈവത്തിന്റെ ദാനം പണത്തിനു വാങ്ങിക്കൊള്ളാം എന്നു നീ നിരൂപിക്കുകകൊണ്ട് നിന്റെ പണം നിന്നോടുകൂടെ നശിച്ചുപോകട്ടെ. നിന്റെ ഹൃദയം ദൈവസന്നിധിയിൽ നേരുള്ളതല്ലായ്കകൊണ്ട് ഈ കാര്യത്തിൽ നിനക്കു പങ്കും ഓഹരിയുമില്ല. നീ ഈ വഷളത്തം വിട്ടു മാനസാന്തരപ്പെട്ടു കർത്താവിനോടു പ്രാർത്ഥിക്കുക; പക്ഷേ നിന്റെ ഹൃദയത്തിലെ നിരൂപണം ക്ഷമിച്ചുകിട്ടുമായിരിക്കും; നീ കയ്പ്പുള്ള പകയിലും അനീതിയുടെ ബന്ധനത്തിലും അകപ്പെട്ടിരിക്കുന്നു എന്നു ഞാൻ കാണുന്നു എന്നു പറഞ്ഞു. (പ്രവൃ.8:20-23)

വിസക്കച്ചവടം നടത്തി നാട്ടുകാരെ പറ്റിച്ചു മുങ്ങി നടന്നവൻ പണക്കാരനായപ്പോൾ റവയായി, ഇന്റർ നാഷണൽ പ്രസംഗകനുമായി. ‘പൊട്ടനു ലോട്ടറിയടിക്കുക’ എന്നു പറയുന്നത് ഇതാണ്. ഇവനൊക്കെ പാതിരായ്ക്കും കുടപിടിക്കും.

ജനുവരി ആദ്യ ആഴ്ചയിൽ ഷാർജയിൽ നടക്കുന്ന വിധത്തിലുള്ള ഒരു കൺവൻഷൻ നല്ല നിലയിൽ നടത്താൻ എത്ര രൂപ ചെലവാകും? ഷാർജ വർഷിപ്പ് സെന്ററിലാണു പരിപാടി നടക്കുന്നത്. അതുകൊണ്ട് വാടക കൊടുക്കേണ്ടതില്ല. മൈക്ക് സെറ്റ്, ലൈറ്റ് തുടങ്ങിയവയ്ക്കും ചെലവുണ്ടാകുകയില്ല എന്നു കരുതാം. സാമാന്യം നല്ല നിലയിൽ പാടാൻ കഴിയുന്നവർ യു.എ.ഇയിൽത്തന്നെയുണ്ട്. അതുകൊണ്ട് വലിയ ചെലവില്ലാതെ ഗായകരെയും ലഭിക്കും. നന്നായി പ്രസംഗിക്കാൻ കഴിവുള്ളവർ ഇന്ത്യയിലുണ്ട്. ഇത്തരക്കാരിൽ രണ്ടുപേരെ കൊണ്ടുവന്നു പ്രസംഗിപ്പിക്കാൻ രണ്ടുലക്ഷത്തിൽ അധികം രൂപ വേണ്ടിവരില്ല. ചുരുക്കത്തിൽ, സകല ചെലവുകളും അടക്കം മൂന്നുലക്ഷം രൂപ ഉണ്ടെങ്കിൽ ഈ കൺവൻഷൻ നടത്താം. കൺവൻഷൻ നടക്കുന്ന മൂന്നു ദിവസം സ്തോത്രക്കാഴ്ച എടുത്താൽ ഇതിലധികം പണം ലഭിക്കും. മാമോന്റെ മുമ്പിൽ കുമ്പിടാതെ നടത്താൻ കഴിയുന്ന ഈ യോഗമാണ് വിൽസൻ ജോസഫും കെ.ഒ.മാത്യുവും ചേർന്ന് മാമോന്റെ കൂത്തരങ്ങാക്കിയത്. സാധുക്കളായ വിശ്വാസികൾക്കോ പാസ്റ്റർമാർക്കുപോലുമോ ഈ തോന്ന്യാസത്തിനെതിരെ പ്രതികരിക്കാൻ കഴിയില്ല. പക്ഷേ ഡിഫെൻഡറിന് മാമോനെ ഭയമോ ശങ്കയോ ഇല്ല. അതുകൊണ്ട് ഈ തിൻമയ്ക്കെതിരെ പ്രതികരിക്കുന്നു. ഈ യോഗത്തിൽ മാമോൻ വിളയാടുകതന്നെ ചെയ്യുമെന്നറിഞ്ഞുകൊണ്ടാണു ഡിഫെൻഡർ ഈ വനരോദനം നടത്തുന്നത്.

ദൈവവചനം പഠിക്കുക, സുവിശേഷവേല ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ഒരു ദശാബ്ദക്കാലമെങ്കിലും പാടുപെട്ടശേഷമാണ് സാധാരണക്കാരായ പാസ്റ്റർമാർക്ക് ഓർഡിനേഷൻ ലഭിക്കുക. പക്ഷേ കിടങ്ങാലിൽ പുണ്യാളന് ഇതൊന്നും ബാധകമല്ല. ‘നാട്ടുകാരെ പിടിച്ചു പേഷ്ക്കാരാക്കി’ എന്നു പറഞ്ഞതുപോലെ ഈ ചങ്ങാതി ഈയിടെ റവയായി. പണക്കാരനായതുകൊണ്ട് ഉടൻ സ്പോൺസർ മിനിസ്റ്ററാകും, അതായത് ഫലത്തിൽ സെന്റർ പാസ്റ്ററാകും. ഏറെ താമസിയാതെ സാക്ഷാൽ സെന്റർ പാസ്റ്ററുമാകും. ഇതാണു മാമോന്റെ ശക്തി.

ഏരിയ പാസ്റ്ററാകാനുള്ള യോഗ്യതയെന്ത്? പണമുണ്ടായിരിക്കണം. പണമില്ലെങ്കിൽ ഉണ്ടാക്കാനുള്ള കഴിവെങ്കിലുമുണ്ടായിരിക്കണം. അത്രയുമേ വേണ്ടൂ. പണം വാരിയെറിഞ്ഞാൽ ചുരുങ്ങിയ കാലം കൊണ്ട് ഏരിയ സെന്ററാകും. ഏരിയയുടെ പാസ്റ്റർ സെന്റർ പാസ്റ്ററുമാകും.

ഐ.പി.സി., ചർച്ച് ഓഫ് ഗോഡ്, എ.ജി തുടങ്ങിയ സഭകളുടെ ഇലക്ഷൻ അടുത്തുവരുന്നു. ആരൊക്കെ ജയിക്കും? പണം കൊടുത്ത് വോട്ടു മറിക്കാൻ കഴിവുള്ളവർ ജയിക്കും. ആത്മീയ നിലവാരം പരിഗണിക്കപ്പെടുകയേയില്ല. ഐ.പി.സിയിലെ ഇലക്ഷന് കോടികളാണു മറിയുക. വോട്ടുകളും അതിനനുസരിച്ചു മറിയും. സാത്താൻ തോറ്റുപോകുന്ന അടവുകൾ പയറ്റി കസേര പിടിച്ചടക്കിയവൻ ദൈവമാണു തനിക്കു സ്ഥാനമാനങ്ങൾ തന്നതെന്നു പറഞ്ഞു വിനയാന്വിതനാകും.

ഇതു കൺവൻഷൻ സീസണാണ്. മാമോന്റെ വിളയാട്ടം ഏറ്റവുമധികം നടക്കുന്നത് ഈ സീസണിലാണ്. വോട്ടുകൾ വിലയ്ക്കു വാങ്ങി ജയിച്ചു നേതാവായവന് വീട്ടിലിരിക്കാൻ നേരമില്ലാത്തത്ര പ്രോഗ്രാമുകൾ ലഭിക്കുന്നു. കാറിലാണു കക്ഷി എത്തുക. അതുകൊണ്ട് 5,000 രൂപയിൽ കുറയാത്ത കൈമടക്കു ലഭിക്കണം. തുക കുറഞ്ഞുപോയാൽ ഭള്ളു പറയും.

പെട്ടി നിറയെ പണവുമായി വിദേശത്തുനിന്നെത്തുന്ന ആത്മദാഹികളുമുണ്ട്. കൺവൻഷൻ സീസണിൽ മാത്രമേ ഇവർക്കു ദാഹമുണ്ടാകൂ. ഇത്തരക്കാർ സ്പോൺസർ ചെയ്യുന്ന കൺവൻഷനുകളിൽ ഇവർ തന്നെയാകും മുഖ്യ പ്രസംഗകർ. ഒന്നോ രണ്ടോ ഉണർവ്വു പ്രസംഗകർ, ഗായകസംഘം എന്നിവയും ഉണ്ടായിരിക്കും. മാമോൻ പ്രസംഗിക്കുന്ന ഫോട്ടോ, വീഡിയോ തുടങ്ങിയവ എടുക്കാം. ഇതൊക്കെ കാണിച്ചു പണം പിടുങ്ങാമല്ലോ.

മാമോന്റെ ശക്തി റ്റി.എസ്.ബാലനെന്ന ഈയുള്ളവൻ അനുഭവിച്ചറിഞ്ഞതാണ്. ഇത്തവണ മാമോൻ ഈയുള്ളവനെതിരെ കലിതുള്ളുകയാണെന്നുമറിയാം. എങ്കിലും സത്യം പറയാതിരിക്കാൻ കഴിയുന്നില്ല. തല പോകുന്നെങ്കിൽ പോകട്ടെ.

## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ പോസ്റ്റിൽ അയയ്ക്കുന്നതിനു നിയന്ത്രണമുണ്ട്. ആകയാൽ വിദേശ രാജ്യങ്ങളിലുള്ളവർ ഇന്ത്യയിലെ വിലാസം അറിയിക്കുക. (വിദേശത്തേക്കു സി.ഡി. അയയ്ക്കുന്നതല്ല.) എന്നാൽ ഗൾഫ് രാജ്യങ്ങൾ ഒഴികെയുള്ള വിദേശ രാജ്യങ്ങളിലേക്ക് യു.എസ്.ബി. ഡ്രൈവിലുള്ള പ്രസംഗങ്ങൾ അയയ്ക്കുന്നതാണ്. വില: (200 മണിക്കൂർ)-100 ഡോളർ. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക. ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

Printed, Published and Owned by T.S.Balan, Anand Bhavan, Valayanchirangara P.O., Ernakulam District, Kerala, Pin. 683556. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala, 683542. Published at Anand Bhavan, Valayanchirangara P.O., Ernakulam District, Kerala, Pin. 683556. Editor: T.S.Balan